2023
MAY
19
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

# മുഖം മിനുക്കി കേരള ബാങ്ക്

**തിരുവനന്തപുരം:** പുതു മോടിയിൽ കേരള ബാങ്ക്. കേരള ബാങ്കിന്റെ ഡിജിറ്റൽ ബാങ്കിങ് സേവനങ്ങളുടെ ഉദ്ഘാടനവും ബാങ്ക് പുറത്തിറക്കിയ കെ.ബി പ്രൈം മൊബൈൽ ബാങ്കിങ് ആപ്ലിക്കേഷന്റെ ലോഗോ പ്രകാശനവും മുഖ്യമന്ത്രി നിർവ്വഹിച്ചു.കേരള ബാങ്കിനെ കേരളത്തിലെ ഒന്നാമത്തെ ബാങ്കാക്കി മാറ്റാൻ കഴിയണമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഈ ലക്ഷ്യത്തോടെയായിരിക്കണം ബാങ്കിന്റെ അടുത്ത പ്രവർത്തനങ്ങളെന്നും മുഖ്യമന്ത്രി പറഞ്ഞു. കേരള ബാങ്കിന്റെ ഡിജിറ്റൽ സേവനങ്ങൾ സംസ്ഥാനത്തെ ബാങ്കിങ് മേഖലയിൽ വലിയ മാറ്റം കൊണ്ടുവരുമെന്നു മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. കോർ ബാങ്കിങ് നടപ്പാക്കിയതോടെ കേരള ബാങ്കിന്റെയും പ്രാഥമിക ബാങ്കുകളുടേയും ശാഖകളെ ഇന്റർഫേസ് വഴി ബന്ധിപ്പിച്ച് വിപുലമായ നെറ്റ്‌വർക്ക് രൂപീകരിക്കാൻ കഴിയും. ഇതു ബാങ്കിങ് പ്രവർത്തനത്തെ ഉന്നത മാനങ്ങളിലേക്ക് ഉയർത്തും. ഇതിനുള്ള പ്രവർത്തനം വേഗത്തിൽ പൂർത്തിയാക്കണം. സംസ്ഥാനമാകെ കേരള ബാങ്കിന്റെ എടിഎമ്മുകൾ സ്ഥാപിക്കുന്നതിനുള്ള തീരുമാനവും വേഗത്തിൽ പ്രായോഗികമാക്കുന്നതിനു നടപടി സ്വീകരിക്കണം. ഗ്രാമീണ ഇടപാടുകാരിലേക്കു കൂടുതലായി ബാങ്കിങ് സൗകര്യങ്ങൾ എത്തിക്കണം. 2,000 മൈക്രോ എടിഎമ്മുകൾ സ്ഥാപിക്കാനുള്ള നടപടികളും വേഗത്തിലാക്കണം. ഇതെല്ലാം പൂർത്തിയാകുമ്പോൾ നാടാകെ ആധുനിക ബാങ്കിങ് സൗകര്യം ലഭ്യമാകും. ഇതു ബാങ്കിന്റെ വലിയതോതിയുള്ള വളർച്ചയ്ക്ക് ഇടയാക്കും.എൻ.ആർ.ഐ അക്കൗണ്ടുകൾക്ക് അനുമതി ലഭ്യമാകുന്നതോടെ സ്വപ്നംകാണാൻ കഴിയാത്ത വളർച്ച കേരള ബാങ്കിനു കൈവരും. കേരളത്തിലെ ഒന്നാമത്തെ ബാങ്കായി കേരള ബാങ്കിനെ മാറ്റാനുള്ള ശ്രമങ്ങൾക്കു സർക്കാരിൽനിന്നുള്ള സഹായ സഹകരണങ്ങൾ നല്ല തോതിൽ ഉണ്ടാകും. കഴിഞ്ഞ സാമ്പത്തിക വർഷം 1,21,358 കോടി രൂപയുടെ ഇടപാടുകളാണു കേരള ബാങ്ക് വഴി നടന്നത്. തൊട്ടു മുൻ വർഷത്തേക്കാൾ 11,000 കോടി രൂപ കൂടുതലാണിത്. നിക്ഷേപ സമാഹരണത്തിലും വായപാ വിതരണത്തിലും റെക്കോഡ് വളർച്ച കൈവരിക്കാൻ ബാങ്കിനു കഴിഞ്ഞിട്ടുണ്ട്. മുൻ വർഷത്തേക്കാൾ 4200 കോടിയുടെ വർധന നിക്ഷേപത്തിലുണ്ടായി. ഇത് ഇനിയും വർധിപ്പിക്കണം. കേരള ബാങ്കിനോടുള്ള ജനങ്ങളുടെ വിശ്വാസ്യത നിലനിർത്തുന്നതിനുള്ള പ്രവർത്തനങ്ങളുമുണ്ടാകണം. പ്രൈമറി ബാങ്കുകളുടെ ശക്തിയാണു കേരള ബാങ്കിന്റെ കരുത്തെന്നതു മനസിൽവച്ചാകണം പ്രവർത്തനങ്ങളെന്നും മുഖ്യമന്ത്രി പറഞ്ഞു.

## സ്വർണവില കുറഞ്ഞു



**കൊച്ചി:** സംസ്ഥാനത്ത് വീണ്ടും സ്വർണവില കുറഞ്ഞു. നിലവിൽ 45,000ൽ താഴെയാണ് സ്വർണവില. കഴിഞ്ഞ രണ്ടു ദിവസമായി പവന് 520 രൂപ കുറഞ്ഞു.ഇന്നലെ മാത്രം 160 രൂപ കുറഞ്ഞ് ഒരു പവൻ സ്വർണത്തിന്റെ വില 44,880 രൂപയായി. 5610 രൂപയാണ് ഒരു ഗ്രാം സ്വർണത്തിന്റെ വില.ഈ മാസത്തിന്റെ തുടക്കത്തിൽ 44,560 രൂപയായിരുന്നു സ്വർണവില. നേരത്തെ ഈ മാസം 45,760 രൂപയായി ഉയർന്ന് സ്വർണവില സർവകാല റെക്കോർഡിട്ടിരുന്നുവെങ്കിലും. തൊട്ടടുത്ത ദിവസം താഴ്ന്ന സ്വർണവില പിന്നീടുള്ള ദിവസങ്ങളിൽ കുതിച്ചു കഴയറി. എന്നാൽ കഴിഞ്ഞ രണ്ടുദിവസങ്ങളിലായി സ്വർണവില താഴുകയാണ്.ആഗോള വിപണികളിലെ മാന്ദ്യം സ്വർണത്തെയും ബാധിച്ചുവെന്നാണ് വിലയിടിവ് ചൂണ്ടിക്കാട്ടുന്നതെന്നാണ് സ്വർണ്ണവ്യാപാരികൾ ചൂണ്ടിക്കാട്ടുന്നത്.ഓഹരി വിപണികൾ ചാഞ്ചാടുമ്പോഴും സ്വർണ വില ഇടിയാണുള്ളതിനു കാരണം ഇതാണെന്നാണ് വിലയിരുത്തൽ. യുഎസ് അടക്കമുള്ള വിപണിയിൽ തുടരുന്ന കടുത്ത സാമ്പത്തിക ഞെരുക്കം സ്വർണ വില വീണ്ടും ഉയർത്തിയേക്കാമെന്നും ചൂണ്ടിക്കാട്ടുന്നു.നിക്ഷേപകരെ സംബന്ധിച്ചു സ്വർണ വില ഉയരുന്നത് കൂടുതൽ ആകർഷകമാകുകയാണ്.

## എസ്.എസ്.എൽ.സി പരീക്ഷാഫലം ഇന്ന്

**തിരുവനന്തപുരം:** എസ്.എസ്.എൽ.സി പരീക്ഷാഫലം ഇന്ന് പ്രഖ്യാപിക്കും. ഇന്ന് വൈകുന്നേരം മുന്നിന് സെക്രട്ടേറിയറ്റിലെ പി.ആർ ചേംബറിൽ പൊതുവിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടിയാണ് ഫലപ്രഖ്യാപനം നടത്തുക.നാലു മണിമുതൽ ഓൺലൈനുകളിലൂടെ ഫലം ലഭിച്ചു തുടങ്ങു.ടി.എച്ച്.എൽ.സി,എ.എച്ച്.എൽ.സി ഫലങ്ങളും ഇന്ന് പ്രഖ്യാപിക്കും.ഫലപ്രഖ്യാപന ശേഷം പി.ആർ.ഡി ലൈവ്, സഫലം 2023 എന്നീ മൊബൈൽ ആപ്പുകളിലും www.prd.kerala.gov.in, result.kerala.gov.in, examresults.kerala.gov.in, www.results.kite.kerala.gov.in എന്നീ വെബ്സൈറ്റുകളിൽ ഫലം ലഭിക്കും. ഗ്രേസ് മാർക്കുകൂടി ചേർത്താണ് ഇക്കുറി എസ്.എസ്.എസ്.എൽ.സി ഫലം പ്രഖ്യാപിക്കുന്നത്.ഗ്രേസ് മാർക്കിലുടെ പരമാവധി മാർക്ക് 90 ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്.അതേസമയം എസ്.എസ്.എൽ.സി പരീക്ഷാ സർട്ടിഫിക്കറ്റിനൊപ്പം മാർക്കു കൂടി പരിഗണിക്കണമെന്ന നിർദ്ദേശം ഇത്തവണ നടപ്പിലാകില്ല.നിലവിലെ രീതി തന്നെയായിരിക്കും ഇത്തവണയും തുടരുക.ഫലത്തിനൊപ്പം മാർക്കും പ്രസിദ്ദീകരിക്കണമെന്നാവശ്യപ്പെട്ട് കോഴിക്കോട് സ്വദേശിയായ വിദ്യാർഥി വിദ്യാഭ്യാസ മന്ത്രിക്കു നിവേദനം നൽകിയിരുന്നു. ഇതേ ആവശ്യം ഉന്നയിച്ച് ഹൈക്കോടതിയെയും സമീപിച്ചിരുന്നു. ഫലപ്രഖ്യാപനത്തിന് തടസമാകാത്ത വിധത്തിൽ ഇതിൽ തീരുമാനമെടുക്കാൻ കോടതി സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.എന്നാൽ ഇത് നയപരമായ തീരുമാനമായതിനാൽ കൂടിയാലോചനയില്ലാതെ നടപ്പിലാക്കാൻ കഴിയില്ലെന്നാണ് വിദ്യാഭ്യാസ വകുപ്പിന്റെ നിലപാട്.

## നിയമസഭാ മന്ദിരം സിൽവർ ജൂബിലി: ഉപരാഷ്ട്രപതി ഉദ്ഘാടനം ചെയ്യും

**തിരുവനന്തപുരം:**കേരള നിയമസഭാ മന്ദിരം 25 വർഷം പൂർത്തിയാക്കുന്നതിന്റെ ആഘോഷപരിപാടികൾ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ 22ന് രാവിലെ 10.30ന് നിയമസഭയിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ ഉദ്ഘാടനം ചെയ്യുമെന്ന് സ്പീക്കർ എ.എൻ ഷംസീർ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ജനുവരി 9 മുതൽ 15 വരെ നിയമസഭാ പരിസരത്തു സംഘടിപ്പിച്ച അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ സുവനീർ പ്രകാശനവും ചടങ്ങിൽ ഉപരാഷ്ട്രപതി നിർവഹിക്കും. നിയമസഭാ മന്ദിരത്തിന്റെ പരിസരത്തെ നവീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും ഉപരാഷ്ട്രപതി നടത്തും.





# പാണ്ടിക്കടവിൽ കടത്ത് നിലച്ചു; വിദ്യാർഥികൾ പ്രതിസന്ധിയിൽ

**എടത്വ:** പാണ്ടി പുത്തനാറ്റിൽ കടത്ത് നിലച്ചു. വിദ്യാർഥികൾക്കു സ്കൂളുകളിൽ എത്താൻ സാധിക്കാതെ പഠനം പ്രതിസന്ധിയിൽ. കുട്ടനാട്, ഹരിപ്പാട് മണ്ഡലങ്ങൾ തമ്മിൽ വേർതിരിക്കുന്ന പാണ്ടി പുത്തനാറിൻറെ മറുകരകളിൽ എത്താൻ വിദ്യാർഥികൾ ആശ്രയിച്ചിരുന്ന കടത്ത് വള്ളമാണ് നിലച്ചത്.

ചെറുതന, പാണ്ടി ഭാഗങ്ങളിൽനിന്നു നിരവധി വിദ്യാർഥികൾ എടത്വ, പച്ച തുടങ്ങിയ പ്രദേശങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിച്ചുവരുന്നുണ്ട്. പച്ച ചെക്കിടിക്കാട് സെൻറ് സേവ്യേഴ്സ് യുപി സ്കൂൾ, ലൂർദ് മാതാ ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂൾ, എടത്വ സെൻറ് അലോഷ്യസ് കോളജ്, പയസ് ടെൻത് ഐടിഐ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർഥികൾ എത്തിയിരുന്നത് പാണ്ടി കടവ് കടന്ന് അമ്പലപ്പുഴതിരുവല്ല സംസ്ഥാന പാതയിലെ ചെക്കിടിക്കാട് മിൽമ ജംഗ്ഷനിൽ എത്തിയാണ്.

കടത്തു നിലച്ചതോടെ പച്ചയിലെ സ്കൂളുകളിൽ വിദ്യാർഥികൾക്ക് എത്താൻ സാധിക്കാത്തതിനെത്തുടർന്ന് മറ്റ് സ്കൂളുകളിൽ വിദ്യാർഥികളെ ചേർക്കാനും ആരംഭിച്ചിട്ടുണ്ട്. പച്ച സ്കൂളിൽ പഠിച്ചിരുന്ന നിരവധി വിദ്യാർഥികൾ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് വാങ്ങി ആയാപറമ്പ്, ഹരിപ്പാട്, കരുവാറ്റ പ്രദേശങ്ങളിലെ സ്കൂളുകളിലേക്കു മാറിയിട്ടുണ്ട്.

ചില വിദ്യാർഥികൾ പഠനം തുടരുന്നുണ്ടെങ്കിലും വിദ്യാർഥികളുടെ യാത്ര പ്രതിസന്ധി സൃഷ്ടിക്കുമെന്നു രക്ഷിതാക്കൾ സ്കൂൾ അധികൃതരെ അറിയിച്ചിട്ടുണ്ട്. രക്ഷിതാക്കളുടെ പരാതിയെത്തുടർന്ന് സ്കൂൾ അധികൃതർ ചെറുതന പഞ്ചായത്തിൽ നിവേദനം നൽകിയിട്ടുണ്ട്. എടത്വതകഴി സംസ്ഥാന പാതയിലെ ആദ്യ ഇട റൂട്ടായ ചെക്കിടിക്കാട്പാണ്ടിഹരിപ്പാട് റോഡിനാണ് ഈ ദുർഗതി.

നാലു പതിറ്റാണ്ട് മുന്പു പിഡബ്ല്യുഡി ഇടറൂട്ടിന് അനുമതി നൽകി ബോർഡും സ്ഥാപിച്ചിരുന്നു. റോഡ് നിർമാണത്തിലെ തടസവും പുത്തനാറ്റിൽ പാലം നിർമിക്കാനുള്ള ഫണ്ട് ലഭ്യമാക്കാത്തതുമാണ് റോഡ് നിർമാണം നിലച്ചത്.

തകഴി പാലത്തിൻറെ നിർമാണം പൂർത്തിയായതോടെ അവിടെ ഉപയോഗിച്ചിരുന്ന ജങ്കാർ പാണ്ടി കടവിൽ എത്തിക്കുമെന്ന് അന്നത്തെ ജനപ്രതിനിധികൾ അറിയിച്ചെങ്കിലും പ്രാവർത്തികമായില്ല.

ഹരിപ്പാട്, കുട്ടനാട് മണ്ഡത്തിലെ ജനപ്രതിനിധികൾ മുൻകൈ എടുത്താൽ മാത്രമേ ഇരു മണ്ഡലത്തിലെയും വിദ്യാർഥികൾക്കും യാത്രക്കാർക്കും സഞ്ചരിക്കാൻ കഴിയൂ.

ജനപ്രതിനിധികൾ പ്രശ്നത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്നു സ്കൂൾ അധികൃതരും പാണ്ടി നിവാസികളും ആവശ്യപ്പെട്ടു.



# കാടുകയറി നെഹ്റു സ്റ്റേഡിയം

**കോട്ടയം:** നിരവധി കായിക താരങ്ങൾ ഓടിയും ചാടിയും പരിശീലിച്ച കോട്ടയത്തിൻറെ കായിക പരിശീലനം കേന്ദ്രം ഇന്ന് ആർക്കും വേണ്ടാത്ത സ്ഥലമായി മാറിയിരിക്കുകയാണ്. പച്ചപ്പ് നിറഞ്ഞ സ്റ്റേഡിയം കണ്ടാൽ ആദ്യം ഗ്രീൻ ഫീൽഡ് സ്റ്റേഡിയമാണെന്നു തോന്നുമെങ്കിലും കാടും പടലും കയറി സ്റ്റേഡിയത്തിൻറെ ചുറ്റുവട്ടം മുടിയിരിക്കുന്നതാണ്. ഒരാൾപ്പൊക്കത്തിൽ വരെ പുല്ലുകയറിയിട്ടുണ്ട്.

വേനൽമഴ പെയ്തതോടെ കാട് ഇരട്ടിയിലധികം ശക്തിയിൽ പടർന്നു. കാടായതോടെ ഇഴജന്തുക്കളുടെ ശല്യവുമേറി. തെരുവുനായ്ക്കളും കൂട്ടമായി എത്താറുണ്ട്. ഇതോടെ ആകെയെത്തിയിരുന്ന പ്രഭാത സായാഹ്ന നടപ്പുകാരും പന്തുകളിക്കെത്തിയിരുന്ന കുട്ടികളും സ്റ്റേഡിയം ഉപേക്ഷിച്ചു.

മഴ പെയ്താൽ ഇവിടം ചെളിക്കുളമാണ്. രണ്ടുദിവസം അടുപ്പിച്ചു മഴ പെയ്താൽ വള്ളംകളി നടത്താൻ കഴിയുംവിധം വെള്ളം നിറയും. ഡാം നിറഞ്ഞു നിൽക്കുന്നതുപോലെയാണ് പിന്നെ സ്റ്റേഡിയം. സ്റ്റേഡിയത്തിനകത്തു വീഴുന്ന വെള്ളം ഒഴുകിപ്പോകാനുള്ള സംവിധാനമില്ല. ഇതു ദിവസങ്ങളോളം കെട്ടിക്കിടക്കും. ഗാലറിയുടെ സ്ലാബുകൾ മിക്കതും തകർന്ന് അപകട നിലയിലാണ്. കോൺക്രീറ്റ് തകർന്ന് കമ്പികൾ തെളിഞ്ഞനിലയിലും. ഗാലറിയുടെ അടിയിലെ കടകൾ മിക്കതും ചോർച്ചയിലാണ്.

ഏതുസമയവും നിലംപൊത്തുന്ന നിലയിലാണ് കോൺക്രീറ്റ് ഭാഗങ്ങൾ.രണ്ടുതവണ സംസ്ഥാന ബജറ്റിൽ സ്റ്റേഡിയം നവീകരണത്തിനും സിന്തറ്റിക് ട്രാക്ക് നിർമിക്കാനും പണം വകയിരുത്തിയെന്ന പ്രഖ്യാപനമുണ്ടായിരുന്നു. ആദ്യതവണ ഒരു കോടി രൂപയും രണ്ടാം തവണ 1.25 കോടി രൂപയുമാണ് പ്രഖ്യാപിച്ചത്. എല്ലാം കടലാസിൽ ഉറങ്ങുകയാണ്. നാളുകൾക്കു മുമ്പു സ്റ്റേഡിയത്തിൽ സൗരോർജ വിളക്കുകൾ സ്ഥാപിച്ചിരുന്നു. വേണ്ടത്ര ശ്രദ്ധയില്ലാതെ വന്നതോടെ മോഷ്ടാക്കൾ ഇതിൻറെ ബാറ്ററികളും അനുബന്ധസാധനങ്ങളും മോഷ്ടിച്ചു. ഇപ്പോൾ രാത്രി കൂരിരുട്ടാണ് സ്റ്റേഡിയത്തിലും പരിസരത്തും. ഇത് സ്റ്റേഡിയത്തെ സാമൂഹിക വിരുദ്ധരുടെ താവളമാക്കി മാറ്റി. പകൽ സമയത്ത് കമിതാക്കളും എത്തുന്നുണ്ട്. കോട്ടയത്തിൻറെ കായിക ഭൂപടത്തിൽ പ്രമുഖ സ്ഥാനമുള്ള നെഹ്റു സ്റ്റേഡിയം സംരക്ഷിക്കാൻ അധികാരികൾ മുൻകൈയെടുക്കണമെന്നാണ് കോട്ടയത്തെ കായിക പ്രേമികളുടെ ആവശ്യം.

# വിലക്കയറ്റത്തോടെ സ്കൂൾ വിപണി സജീവം

**കൊച്ചി:** അധ്യയന വർഷം ആരംഭിക്കാൻ രണ്ടാഴ്ച മാത്രം ശേഷിക്കെ സ്കൂൾ വിപണികൾ സജീവമായി. പുത്തൻ ബാഗും കുടയും നോട്ടുബുക്കുമെല്ലാം വാങ്ങിക്കൂട്ടാനുള്ള തിരക്കിലാണ് വിദ്യാർഥികളും മാതാപിതാക്കളും. ഒന്നിനും വിലയൊട്ടും കുറവുമില്ല. മുൻ വർഷത്തേക്കാൾ 10 മുതൽ 15 ശതമാനം വരെയാണ് വില വർധിച്ചിട്ടുള്ളത്.

എറണാകുളം ബ്രോഡ്‌വേ ആണ് നഗരത്തിലെ പ്രധാന സ്കൂൾ വിപണി. കാർട്ടൂൺ താരങ്ങളും മൊബൈൽ ഗെയിം കഥാപാത്രങ്ങളുമൊക്കെയാണ് ബാഗുകളുടെ പുറംചട്ടയിൽ ഇക്കുറി സ്ഥാനം പിടിച്ചിട്ടുള്ളത്. ഇതിനു പുറമേ പ്രധാന ബ്രാൻഡുകളുടെ ബാഗുകളും വിപണിയിൽ മുൻനിരയിലുണ്ട്. വിവിധ നിറത്തിലുള്ള പ്രിൻറിംഗ് കുടകൾക്കും, മഴ കോട്ടുകൾക്കും ആവശ്യക്കാർ നിരവധിയാണ്. വിവിധ സംഘടനകളുടെ നേതൃത്വത്തിൽ കുട്ടികൾക്ക് പഠനോപകരങ്ങൾ വിതരണം ചെയ്യുന്ന പരിപാടികളും തുടക്കംകുറിച്ചതോടെ നോട്ട് ബുക്കുകൾക്കും മറ്റ് പഠനോപകരണങ്ങളുടെ വില്പനയിലും ഉണർവുണ്ടായെന്ന് വ്യാപാരികൾ പറഞ്ഞു.

ചെറിയ കുട്ടികളുടെ ബാഗിന് 250 രൂപ മുതൽ 700 രൂപ വരെയും മുതിർന്ന കുട്ടികൾക്കുള്ള ബാഗിന് 750 മുതൽ 2,000 രൂപ വരെയുള്ള ബാഗുകളുമുണ്ട്. ത്രീ ഫോൾഡ് കുടകൾക്ക് 450 മുതൽ ആണ് വില. വർണക്കുടകൾക്ക് വില 400 രൂപ മുതൽ 800 രൂപ വരെയാണ്. ചെറുതും വലുതുമായ നോട്ടുബുക്കുകൾക്ക് 30 രൂപ മുതൽ 75 രൂപ വരെയാണ് വില. പുസ്തകങ്ങൾ പൊതിയുന്ന ബ്രൗൺ പേപ്പറുകൾക്ക് ശരാശരി 70 മുതൽ 100 രൂപ വരെ കൊടുക്കണം. കുട്ടികൾക്കുള്ള മഴക്കോട്ടുകളുടെ വില 250 രൂപ മുതലാണ്. വരും ദിവസങ്ങളിൽ വിപണിയിൽ ചെറിയ തോതിൽ വീണ്ടും വില ഉയർന്നേക്കുമെന്നും വ്യാപാരികൾ പറയുന്നു.



# അലങ്കാരത്തിനും ഔഷധത്തിനും ലെമൺ വൈൻ



കുലകുലയായി വർഷം മുഴുവൻ പൂക്കുന്ന വള്ളിച്ചെടിയുടെ കായ്കൾക്കു വലിയ നെല്ലിക്കയോളം വലിപ്പം വരും. വെളുത്ത നിറത്തിലുള്ള പൂക്കൾക്ക് ഒരു ദിവസം മാത്രമേ ആയുസുള്ളൂ.

അമേരിക്കയിലെ ഉഷ്ണമേഖലാ പ്രദേശങ്ങളാണ് ജന്മനാടെങ്കിലും നമ്മുടെ നാട്ടിലും അമേരിക്കൻ ലെമൺ വൈൻ നന്നായി വളരും. പെരെസ്കിയ അക്യൂലേറ്റ എന്ന ശാസ്ത്രനാമത്തിൽ അറിയപ്പെടുന്ന ഇതിനു പോഷകഗുണങ്ങൾ ഏറെയുണ്ട്.

മറ്റ് ഫലങ്ങളിൽ നിന്നു വ്യത്യസ്തമായി ഇവയുടെ കായ്കളിൽ വളരെ ചെറിയ ഇലകൾ കാണപ്പെടുന്നുണ്ട്. കായ്കൾക്കു ചെറിയ പുളിരസമാണ്. തക്കാളിക്കു പകരം കറികളിൽ ഉപയോഗിക്കുന്ന കായ്കൾ പച്ചയ്ക്ക് അച്ചാറിടുകയും ചെയ്യാം.

പഴുത്ത കായ്കൾകൊണ്ട് ജ്യൂസും ജാമും ഉണ്ടാക്കാം. ഇലകളും ഭക്ഷ്യയോഗ്യമാണ്. ഉണങ്ങിയ ഇലയിൽ 30 ശതമാനം വരെ പ്രോട്ടിൻ അടങ്ങിയിട്ടുണ്ട്. ഇലകൾ പ്രധാനമായും സലാഡുകളിലാണു ചേർക്കുന്നത്.

കായ്കളിലുള്ള ചെറിയ വിത്തുകളാണു നടീൽ വസ്തു. ഇവ ശേഖരിച്ചു പാകി മുളപ്പിച്ചു തൈകൾ ഉണ്ടാക്കാം. തണ്ടുകൾ മുറിച്ചു നട്ടാലും മതി. പൂക്കൾ വിരിഞ്ഞ് കായ്കൾ ഉണ്ടായ വള്ളികളാണു മുറിച്ചു നടേണ്ടത്.

നടാൻ എടുക്കുന്ന തണ്ടിന് ഒരടി മുതൽ ഒന്നരയടി വരെ നീളം വേണം. നിലത്തും ചട്ടികളിലും നടാം. ചാണകപ്പൊടി, ചകിരിച്ചോർ, മണലോ മണ്ണോ സമം ചേർത്ത മിശ്രിതമാണ് ചട്ടികളിൽ നിറക്കേണ്ടത്.

നിലത്താണെങ്കിൽ ഒരടി താഴ്ചയുള്ള കുഴികളെടുത്ത് ചാണകപ്പൊടിയും കന്പോസ്റ്റും ചേർത്തു മേൽമണ്ണിട്ടു മൂടിയശേഷമാണ് തണ്ടുകൾ നടേണ്ടത്. ഒരു കുഴിയിൽ രണ്ട് തണ്ടുകൾ ആകാം.

നടുന്നതിനു മുന്പു നന്നായി നനയ്ക്കണം. രാവിലെ നനച്ചു വൈകുന്നേരം നടുന്ന രീതിയാണ് നല്ലത്. തണ്ടുകൾ നട്ടു കഴിഞ്ഞ് നേരിയ തോതിൽ നനച്ചു കൊടുക്കണം.

വിത്തുകൾ പാകി മുളപ്പിച്ചെടുക്കുകയാണെങ്കിൽ മൂന്നു നാല് ഇലകൾ വന്നശേഷമാണു നടേണ്ടത്. വേനൽക്കാലത്ത് വേരുകൾ പിടിക്കുന്നതു വരെ തണൽ നൽകണം. ചുവട്ടിൽ എപ്പോഴും ഈർപ്പം നിലനിർത്തുകയും വേണം.

നല്ല സൂര്യപ്രകാശം അത്യാവശ്യമാണ്. 30 മീറ്ററോളം നീളത്തിൽ പ്രധാന ശിഖരം വളരും. ഇതിൽ നിന്നു നിരവധി ശാഖകൾ ഉണ്ടാകും. പന്തൽ കെട്ടിയും വളർത്താം.

തൈകൾ തമ്മിൽ മൂന്നു മീറ്റർ അകലം വേണം. അഞ്ച് വർഷം വരെ നല്ല രീതിയിൽ പുഷ്പിച്ച് കായ്കളുണ്ടാകും.ഒരു അലങ്കാരച്ചെടിയായി അറിയപ്പെടുന്ന ലെമൺ വൈനിന് അധിക പരിചരണം ആവശ്യമില്ല. വേനൽക്കാലത്ത് നന മുടക്കരുതെന്നു മാത്രം. വർഷത്തിൽ രണ്ടു തവണ ചാണകപ്പൊടിയും കംന്പോസ്റ്റും നൽകുന്നതു നല്ലതാണ്. തൈകൾ നട്ട് ആറ് മാസമാകും മുന്പേ പുഷ്പിച്ചു തുടങ്ങും.

ചില സ്ഥലങ്ങളിൽ ഒരു വർഷം വരെ എടുക്കും. കായ്കൾക്ക് ആദ്യം പച്ച നിറമാണ്. മൂപ്പെത്തിയാൽ മഞ്ഞ നിറമാകും. പിന്നീട് പഴുത്ത് ചുവപ്പ് നിറമാകും. നന്നായി പഴുത്ത് കഴിഞ്ഞാൽ പുളി കുറയും.

കായ്കൾ പഴുത്തു തുടങ്ങുന്നതോടെ അടുത്ത പൂക്കുലകൾ ഉണ്ടായി തുടങ്ങും.

# തിരിച്ചുവരവിൻെറ പാതയിൽ ചുണ്ടില്ലാക്കണ്ണൻ

കേരളത്തിൽ ഒരുകാലത്ത് ഒട്ടു മിക്ക പുരയിടങ്ങളിലും ധാരാളമായി കണ്ടുവന്നിരുന്ന ഒരു നാടൻ വാഴയിനമാണു ചുണ്ടില്ലാക്കണ്ണൻ. കുലച്ച ചുണ്ട് പൂർണമായും വിരിഞ്ഞു കായാകുന്നതിനാലാണ് ഈ വാഴയെ ചുണ്ടില്ലാക്കണ്ണൻ എന്നു വളിച്ചിരുന്നത്.

ഒട്ടും ചെലവില്ലാതെ ലളിതമായി കൃഷി ചെയ്തിരുന്ന ചുണ്ടില്ലാക്കണ്ണൻ വാഴയ്ക്ക് കീടരോഗാ ക്രമണങ്ങളും തീരെ കുറവായിരുന്നു. വിപണന സാധ്യത തീരെയില്ലാതിരുന്ന ഈ വാഴ വീട്ടാവശ്യത്തിനും മറ്റുള്ളവർക്കു സമ്മാനമായി നൽകാനുമാണു പ്രധാനമായും കൃഷി ചെയ്തിരുന്നത്.



മറ്റു ചെറുപഴങ്ങളെ അപേക്ഷിച്ച് രുചിയുടെ കാര്യത്തിൽ ഏറെ മുന്നിലുള്ള ചുണ്ടില്ലാക്കണ്ണനു സാധാരണ നാടൻ പഴങ്ങളേക്കാൾ മധുരം കൂടുതലാണ്. പഴുത്തു കഴിഞ്ഞാൽ ഉൾവശം തൂവെള്ള നിറത്തിൽ വെണ്ണ പോലെയിരിക്കും. പരസ്പരം കൂട്ടി മുട്ടാതെ വിടർന്നു നിൽക്കുന്ന കായ്കളുടെ അറ്റം വളഞ്ഞു മുകളിലോട്ടു നിൽക്കും.

ഔഷധ ഗുണമേറെയുള്ള കായ്കൾ അരിഞ്ഞ് ഉണക്കി കുട്ടികൾക്കു കുറുക്ക് ഉണ്ടാക്കി കൊടുക്കാൻ ഉപയോഗിച്ചിരുന്നു. ദഹന പ്രശ്നങ്ങൾ ഒട്ടുമില്ലാത്തതിനാൽ പ്രായഭേദമന്യേ എല്ലാർക്കും ചുണ്ടില്ലാക്കണ്ണൻ പഴം കഴിക്കാം. സൂക്ഷിപ്പുകാലം കുറഞ്ഞതിനാലാകാം ചുണ്ടില്ലാക്കണ്ണൻ പഴം സാധാരണ കടകളിൽ ലഭിക്കാറില്ല.

പഴം കുലയോടെ തൂക്കിയിട്ടാൽ തനിയെ അടർന്നു വീഴും. പൊട്ടാസ്യം, നാരുകൾ, വിറ്റാമിൻ സി, വിറ്റാമിൻ ബി, ഫൈറ്റോന്യൂട്രിയൻറ്, ആൻറി ഓക്സി ഡൻറുകൾ എന്നിവ ധാരാളം അടങ്ങിയിട്ടുണ്ട്. പണ്ടുകാലത്ത് കർഷകർ പ്രഭാത ഭക്ഷണമായി വിളഞ്ഞ പച്ചക്കായകൾ പുഴുങ്ങി ചതച്ച മുളകുമായി ചേർത്തു കഴിച്ചിരുന്നു.

വടക്കൻ ജില്ലകളിൽ ഈ വാഴ കുടപ്പനില്ലാ കുന്നൻ എന്നാണ് അറിയപ്പെട്ടിരുന്നത്. സമീപകാലത്ത് ചുണ്ടില്ലാകണ്ണൻ ഏറെ താത്പര്യത്തോടെ കർഷകർ കൃഷി ചെയ്തു തുടങ്ങിയിട്ടുണ്ട്. നാട്ടു ചന്തകളിലും ഇക്കോ ഷോപ്പുകളിലും പച്ചക്കായും പഴങ്ങളും വന്നു തുടങ്ങിയിട്ടുണ്ട്.

കുലകളിൽ നിന്ന് പടല കൾ വേർപെടുത്തിയാണ് വിപണനം ചെയ്യുന്നത്.

മറ്റു വാഴകളെപ്പോലെ രണ്ടരമൂന്ന് മീറ്റർ അകലത്തിൽ നട്ട് ഒൻപതാം മാസം വിള വെടുക്കാവുന്ന ഈ വാഴയുടെ വിത്തുകൾ ആവശ്യത്തിന് ലഭ്യമല്ലാത്തതാണു കർഷകർ നേരിടുന്ന പ്രശ്നം.

## അറിയിപ്പുകൾ

### കൂടിക്കാഴ്ച

**കോഴിക്കോട്:** കല്ലായി ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ എച്ച്.എസ്.ടി മാത്തമാറ്റിക്സ് തസ്തികയിൽ താൽക്കാലിക ഒഴിവിലേക്കുള്ള കൂടിക്കാഴ്ച മെയ് 24ന് രാവിലെ 11 മണിക്ക് സ്കൂൾ ഓഫീസിൽ നടക്കും. ദിവസ വേതന അടിസ്ഥാനത്തിലാണ് നിയമനം. താല്പര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റ് സഹിതം (പകർപ്പുൾപ്പെടെ) ഹാജരാകണമെന്ന് പ്രധാനാധ്യാപിക അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് : 0495 2323962

### അപേക്ഷ ക്ഷണിച്ചു

**കോഴിക്കോട്:** സ്ത്രീ ശാക്തീകരണം, സുരക്ഷ, സംരക്ഷണം എന്നിവ ഉറപ്പു വരുത്തുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ള മിഷൻ ശക്തി പദ്ധതി നടപ്പിലാക്കുന്നതിന് ജില്ലാ വനിതാ ശിശു വികസന ഓഫീസിനു കീഴിൽ ജില്ലാ ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമണിലേക്ക് വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സ്വീകരിക്കുന്ന അവസാന തിയ്യതി: മെയ് 30 വൈകുന്നേരം 5മണി.

ഡിസ്ട്രിക്ട് മിഷൻ കോർഡിനേറ്റർ : യോഗ്യത : സോഷ്യൽ സയൻസസ്/ലൈഫ് സയൻസസ്/ന്യൂട്രീഷ്യൻ/ മെഡിസിൻ/ ഹെൽത്ത് മാനേജ്മെന്റ്/ സോഷ്യൽ വർക്ക് / റൂറൽ മാനേജ്മെന്റ് എന്നിവയിൽ ബിരുദം. സർക്കാർ മേഖലയിൽ / എൻ.ജി.ഒ കളിൽ സമാന മേഖലയിൽ മൂന്ന് വർഷത്തെ പ്രവൃത്തി പരിചയം. പ്രതിഫലം : 35000 രൂപ. അക്കൗണ്ട്സ് അസിസ്റ്റന്റ് യോഗ്യത: അക്കൗണ്ട്സിൽ അല്ലെങ്കിൽ അക്കൗണ്ട്സ് വിഷയമായി വരുന്ന സമാന മേഖലയിൽ ബിരുദം/ഡിപ്ലോമ. സർക്കാർ മേഖലയിൽ / എൻ.ജി.ഒകളിൽ സമാന മേഖലയിൽ മൂന്ന് വർഷത്തെ പ്രവൃത്തി പരിചയം. പ്രതിഫലം : 22000 രൂപ.

അപേക്ഷകൾ ജില്ലാ വനിത ശിശു വികസന ഓഫീസർ, രണ്ടാം നില, ബി ബ്ലോക്ക്, സിവിൽ സ്റ്റേഷൻ, കോഴിക്കോട്, പിൻ673020 എന്ന വിലാസത്തിൽ അയക്കണം. കൂടുതൽ വിവരങ്ങൾക്ക് : 04952370750, dwc-dokkd@gmail.com

### റീ ടെണ്ടർ നോട്ടീസ്

**കോഴിക്കോട്:** തോടന്നൂർ ഐ.സി.ഡി.എസ്. പ്രൊജക്ട് പരിധിയിലെ തിരുവള്ളൂർ, ആയഞ്ചേരി ഗ്രാമപഞ്ചായത്തുകളിലെ അങ്കണവാടികളിലേക്ക് പാലും മുട്ടയും വിതരണം ചെയ്യുന്നതിന് വ്യക്തികൾ/ സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും റീടെണ്ടറുകൾ ക്ഷണിച്ചു. ടെണ്ടർ തീയ്യതി മെയ് 22. കൂടുതൽ വിവരങ്ങൾക്ക് 04962592722

### അപേക്ഷ ക്ഷണിച്ചു

**കോഴിക്കോട്:** പുകയിലരഹിത ദിനത്തോടനുബന്ധിച്ച് കോഴിക്കോട് ബീച്ച് ആശുപത്രിയിൽ സ്ട്രീറ്റ് പ്ലേ നടത്തുന്നതിന് അപേക്ഷകൾ ക്ഷണിക്കുന്നു. വിഷയം: നമുക്ക് ഭക്ഷണമാണ് വേണ്ടത് പുകയില അല്ല. അപേക്ഷകർ മുമ്പ് ചെയ്ത ഏതെങ്കിലും ഒരു വീഡിയോ സഹിതമുള്ള അപേക്ഷ ntcpkkd@gmail.com എന്ന വിലാസത്തിൽ അയക്കുക. കൂടുതൽ വിവരങ്ങൾക്ക് :9539506830

# വയനാട് ജില്ലയിലെ കാട്ടാനകളുടെ സെൻസസിന് തുടക്കം



**കൽപറ്റ:** വയനാട്ടിൽ കാട്ടാനകളുടെ സെൻസസിനു തുടക്കമായി. 6 വർഷത്തിനു ശേഷമാണു ജില്ലയിലെ വനമേഖലകളിൽ കാട്ടാനകളുടെ കണക്കെടുക്കുന്നത്. വയനാട് വന്യജീവി സങ്കേതത്തെ 23 ഉം സൗത്ത് വയനാട് ഡിവിഷനെ 17 ഉം നോർത്ത് വയനാട് ഡിവിഷനെ 14 ഉം ബ്ലോക്കുകളായി തിരിച്ചാണു കണക്കെടുപ്പ്. ആകെ 54 ബ്ലോക്കുകളിലായി 3 ദിവസം സർവേ നടക്കും. ഇക്കോ ഡവലപമെന്റ് കമ്മിറ്റി, വനംസംരക്ഷണ സമിതി ജീവനക്കാരുൾപ്പെടെ 4 പേരാണ് ഓരോ ബ്ലോക്കിലും സർവേ സംഘത്തിലുണ്ടാകുക. ഇന്നലെ ബ്ലോക്ക് തിരിച്ചുള്ള കണക്കെടുപ്പാണു നടന്നത്. ശരാശരി 3 ചതുരശ്ര കിലോമീറ്റർ വിസ്തീർണമുള്ള ഓരോ ബ്ലോക്കിലും സർവേ സംഘം നടന്നെത്തി കാണുന്ന കാട്ടാനകളുടെ എണ്ണവും ഭൂപ്രദേശത്തെക്കുറിച്ചുള്ള വിവരവും രേഖപ്പെടുത്തി.

ഡയറക്ട് സൈറ്റിങ് മെതേഡ് എന്നറിയപ്പെടുന്ന ഈ മാർഗത്തിൽ വയനാട്ടിൽ നേരത്തെയുള്ളതിനെക്കാൾ കൂടുതൽ ആനകളെ കണ്ടെത്തിയെന്നാണു വിവരം. ഇന്ന് ആനപ്പിണ്ടങ്ങളുടെ എണ്ണം പരിശോധിച്ചു കണക്കെടുപ്പ് നടത്തും. ആനപ്പിണ്ടത്തിന്റെ പഴക്കം, കാട്ടാന മരത്തിലുരസിയ പാടുകൾ, മറ്റു പ്രത്യേകതകൾ എന്നിവ വിലയിരുത്തും. അവസാനദിനമായ നാളെ കാട്ടാനകളുടെ പ്രായം, ലിംഗം എന്നിവ വേർതിരിക്കുന്ന സർവേയും നടത്തും.

ഇതിനായി കാട്ടാനകൾ കൂടുതലായെത്തുന്ന ജലസ്രോതസ്സുകൾ കേന്ദ്രീകരിച്ചു വനത്തിലെ തോടുകൾ, പുഴകൾ എന്നിവിടങ്ങളിൽ ആനകളുടെ കാൽപ്പാടുകളാണു പരിശോധിക്കുക. ഭൂപടം ഉപയോഗിച്ചുള്ള പരിശോധനയിൽ ലഭിക്കുന്ന വിവരങ്ങൾ അപ്പപ്പോൾ സർവേ ആപ്പിൽ രേഖപ്പെടുത്തും. കൊമ്പനാന, പിടിയാന, മോഴ, ഒറ്റയാൻ, കൂട്ടം, കുട്ടികൾ, മുതിർന്ന ആന എന്നിവയുടെ വിവരം രേഖപ്പെടുത്തും. സർവേ വിവരങ്ങൾ ക്രോഡീകരിച്ച് ജൂലൈയിൽ ആനകളുടെ കണക്ക് പുറത്തുവിടും. 2017ൽ നടന്ന സർവേയിൽ! വയനാട് സങ്കേതത്തിൽ മാത്രം 930 ആനകളുണ്ടെന്നാണു കണ്ടെത്തിയത്.

കേരളത്തിൽ വയനാടിനു പുറമേ പെരിയാർ, ആനമുടി, നിലമ്പൂർ കാടുകളിലും പരിശോധന നടത്തും. അതിർത്തി സംസ്ഥാനങ്ങളായ തമിഴ്നാട്ടിലും കർണാടകയിലും ഇതേ ദിവസങ്ങളിൽ സർവേ നടക്കുന്നുണ്ട്. കാട്ടാനകൾ അതിർത്തി കടന്നും സഞ്ചരിക്കുന്നതിനാലാണ് ഒന്നിച്ചു കണക്കെടുക്കുന്നത്. കണ്ണൂർ ഫോറസ്റ്റ് ഡിവിഷന്റെ ഒരു ഭാഗം, ആറളം, കൊട്ടിയൂർ വന്യജീവി സങ്കേതങ്ങൾ, വയനാട് നോർത്ത്, സൗത്ത് ഫോറസ്റ്റ് ഡിവിഷനുകളുടെ ഭാഗങ്ങൾ, വയനാട് വന്യജീവി സങ്കേതം എന്നിവയുൾപ്പെടുന്ന ഭൂപ്രദേശങ്ങളിലെ കടുവകളുടെ എണ്ണമറിയാൻ കഴിഞ്ഞ മാസം തുടങ്ങിയ കണക്കെടുപ്പും പുരോഗമിക്കുകയാണ്.

ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനിലെ വിദഗ്ധർ, ബയോളജിസ്റ്റുകൾ, വൈൽഡ് ലൈഫ് അസിസ്റ്റന്റുമാർ എന്നിവരുടെ നേതൃത്വത്തിൽ വയനാട് വന്യജീവി സങ്കേതത്തിലും 2 ഡിവിഷനുകളിലുമായി 312 ഇടങ്ങളിൽ ക്യാമറകൾ സ്ഥാപിച്ചാണു കടുവ സർവേ. ഓരോ കേന്ദ്രത്തിലും രണ്ട് ക്യാമറകൾ വീതം എതിർ ദിശയിലാണുണ്ടാകുക. ക്യാമറയിൽ പതിയുന്ന ഓരോ കടുവയ്ക്കും പ്രത്യേക ഐഡി നൽകും. നേരത്തെ 2018ലാണു കടുവകളുടെ കണക്കെടുപ്പ് നടന്നത്. എന്നാൽ, ഇതിലെ കണക്കിൽ കൃത്യത കുറവാണെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണു പുതിയ കടുവ സർവേ. പറമ്പിക്കുളം ടൈഗർ റിസർവ് അധികൃതരുടെ നേതൃത്വത്തിലാണു ഈ മേഖലയിലെ സർവേ.

# അൻപത് വയൽ ജലസേചന പദ്ധതിനിർമാണം വേഗത്തിലാക്കണമെന്ന് കർഷകർ



**പുൽപള്ളി:** വരൾച്ച മേഖലയിൽ ജലസേചനം നടത്താനുള്ള അൻപത് വയൽ പദ്ധതി നിർമാണം വേഗത്തിലാക്കണമെന്ന് കർഷകർ. 3 കോടി ചെലവിൽ നിർമാണം തുടങ്ങിയ പദ്ധതിയുടെ പൈപ്പ്ലൈൻ നിർമാണം പൂർത്തിയായി. കബനിക്കരയിലെ പമ്പ് ഹൗസ് നിർമാണം പൂർത്തിയായില്ല. അൻപത് വയലിൽ ടാങ്കും നിർമിക്കണം. കബനിയിൽ നിന്നു വെള്ളമെടുത്ത് അൻപത് വയലിലെത്തിച്ചു കനാൽവഴി സമീപ പ്രദേശങ്ങളിലും കൃഗനൂരിലും ജലസേചനം നടത്താനുള്ള പദ്ധതിയാണിത്.

ഏറെക്കാലത്തെ കർഷകരുടെ ആവശ്യത്തെത്തുടർന്ന് ഒരു വർഷം മുൻപാണു പദ്ധതി നിർമാണം തുടങ്ങിയത്. കൊളവള്ളിയിലെ പമ്പ് ഹൗസ് നിർമാണം ഏതാണ്ട് പൂർത്തിയായി. ഇരുനിലകളിലാണു കെട്ടിടം. വേനൽക്കാലത്ത് താഴെ നിലയിൽ മോട്ടറുകൾ സ്ഥാപിക്കും. മഴക്കാലത്ത് പുഴ കരകവിയുമ്പോൾ മുകൾനിലയിലേക്കു മാറ്റാനുള്ള ക്രമീകരണവുമുണ്ട്. പമ്പ് ഹൗസിലേക്കുള്ള മോട്ടറുകൾ, വൈദ്യുതി ട്രാൻസ്ഫോമർ എന്നിവ സ്ഥാപിക്കണം. മോട്ടറും വൈദ്യുതിയുമെത്തിയാൽ മാത്രമേ ട്രയൽ പമ്പിങ് നടത്താനാവൂ.

കബനി റിസർവോയറിൽ വെള്ളം നിറഞ്ഞു കിടന്നതിനാൽ പമ്പ് ഹൗസ് നിർമാണം വൈകി. അതിനിടെ മണ്ണിടിഞ്ഞുണ്ടായ അപകടത്തിൽ നിർമാണ തൊഴിലാളി മരണപ്പെട്ടതും നിർമാണം വൈകാനിടയായി. മഴക്കാലത്തിനു മുൻപ് പദ്ധതി നിർമാണം പൂർത്തിയാകാത്ത പക്ഷം മാസങ്ങളോളം നിർമാണ ജോലികൾ തടസ്സപ്പെടുമെന്ന് കർഷകർ പറയുന്നു. പമ്പ്ഹൗസ് പരിസരത്തേക്കുള്ള റോഡ് വെള്ളക്കെട്ടാവുകയും റോഡ് ചെളിക്കുളമാവുകയും ചെയ്യും.

അൻപത് വയൽ പ്രദേശത്തെ പാടങ്ങൾ വർഷങ്ങളായി തരിശിടുകയാണ്. കരയിലും വയലിലും വെള്ളമെത്തിച്ചു കൃഷി നടത്താനും കുടിവെള്ള ലഭ്യത ഉറപ്പാക്കാനുമാണ് ഈ പദ്ധതി. വേനൽ ആരംഭത്തിൽ തന്നെ ഇവിടെ വയലുകൾ വിണ്ടുകീറുകയും കൃഷികൾ വാടിക്കരിയുകയും ചെയ്യും. ജലസേചനമുറപ്പായാൽ ഇരുപ്പൂ കൃഷി നടത്താൻ കഴിയുമെന്നു പാടശേഖര സമിതി ചൂണ്ടിക്കാട്ടി.

മോട്ടറുകൾ, ട്രാൻസ്ഫോമർ എന്നിവയ്ക്കുള്ള ടെൻഡറായില്ലെന്നും പമ്പ്ഹൗസ് നിർമാണം വേഗത്തിലാണെന്നും അധികൃതർ പറയുന്നു. മഴയ്ക്കു മുൻപേ കെട്ടിട നിർമാണം പൂർത്തിയാകുമെന്നും അറിയിച്ചു.

# നോക്കിയ 105 ,106 4ജി അവതരിപ്പിച്ചു




**കൊച്ചി:** എച്ച്എംഡി ഗ്ലോബൽ പുതിയ നോക്കിയ 105 (2023) നോക്കിയ 106 4ജി അവതരിപ്പിച്ചു. സ്മാർട്ട്ഫോൺ ഇല്ലാതെ പോലും സുരക്ഷിതമായും തടസ്സങ്ങളില്ലാതെയും ഡിജിറ്റൽ ഇടപാടുകൾ നടത്താൻ ഉപയോക്താക്കളെ സഹായിക്കുന്ന ഇൻബിൽറ്റ് യുപിഐ 123പേയുമായാണ് ഈ ഫോണുകൾ എത്തുന്നതെന്ന് എച്ച്എംഡി ഗ്ലോബൽ വിപിഇന്ത്യ ആന്റ് എപിഎസി രവി കുൻവാർ പറഞ്ഞു.സുരക്ഷിതമായ രീതിയിൽ യൂണിഫൈഡ് പേയ്മെൻറ് ഇൻറർഫേസ് (യുപിഐ) പേയ്മെൻറ് സേവനം ഉപയോഗിക്കാനാകുന്ന ഫീച്ചർ ഫോൺ ഉപയോഗിക്കുന്നവർക്കുള്ള എൻപിസിഐയുടെ ഇൻസ്റ്റൻറ് പേയ്മെൻറ് സംവിധാനമാണ് യുപിഐ 123പേയു പിഐ ഫീച്ചറുമായി വിപണിയിലെ മുൻനിര ഫീച്ചർ ഫോണുകളായ നോക്കിയ 105 (2023), നോക്കിയ 106 4ജിപുറത്തിറക്കുന്നതിൽ സന്തോഷമുണ്ട്. യുപിഐ ഫീച്ചർ അവതരിപ്പിക്കുന്നതിലൂടെ സുരക്ഷിതവും സൗകര്യപ്രദവുമായ ഡിജിറ്റൽ ഇടപാടുകൾ എളുപ്പത്തിൽ നടത്താനും ഫീച്ചർ ഫോൺ ഉപയോഗിക്കുന്നവരെ ശാക്തീകരിക്കുകയാണ് തങ്ങളുടെ ലക്ഷ്യമെന്നും രവി കുൻവാർ പറഞ്ഞു.നോക്കിയ ഫീച്ചർ ഫോണുകളിൽ യുപിഐ 123പേ ലഭ്യമാക്കുന്നതിൽ എച്ച്എംഡി ഗ്ലോബലുമായി സഹകരിക്കുന്നതിൽ സന്തോഷമുണ്ട്. യുപിഐ ഫീച്ചർ ഫോൺ ഉപയോഗിക്കുന്നവരെ ശാക്തീകരിക്കുന്നതുവഴി കൂടുതൽ ആളുകൾക്ക് യുപിഐ ഉപയോഗിക്കുന്നതിനുള്ള എളുപ്പവും സൗകര്യവും ലഭ്യമാക്കുന്നതിനും ഡിജിറ്റൽ സാമ്പത്തിക സേവനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുമെന്ന് എൻപിസിഐ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ പ്രവീണ റായ് പറഞ്ഞു.നോക്കിയ 105ൽ നവീകരിച്ച 1000 എംഎഎച്ച് ബാറ്ററിയാണ് ഇതിൻറെ മുൻ ഫോണിനേക്കാൾ 25 ശതമാനം വലുത് കൂടുതൽ സ്റ്റാൻഡ്ബൈ സമയം നൽകുകയും ചെയ്യുന്നു. അതേസമയം നോക്കിയ 106 4ജിക്ക് 1450 എംഎഎച്ച് ബാറ്ററിയാണുള്ളത്. കൂടാതെ മണിക്കൂറുകളോളം ടോക്ക് ടൈമും നൽകുന്നു. സ്റ്റാൻഡ്ബൈ മോഡിൽ 106 4ജി ആഴ്ചകളോളം ഉപയോഗിക്കാം. നോക്കിയ 105, 106 4ജി മികച്ച ഫീച്ചറുകളുമായാണ് എത്തുന്നത്. ഇതിൽ ഒരു വയർലെസ് എഫ്എം റേഡിയോ ഉണ്ട്. ഹെഡ്സെറ്റിൻറെ ആവശ്യമില്ലാതെ ഉപയോക്താക്കൾക്ക് അവരുടെ എഫ്എം സ്റ്റേഷനുകളിലെ പരിപാടികൾ ആസ്വദിക്കാം. കൂടാതെ നോക്കിയ 106 4ജിയിൽ ഇൻബിൽറ്റ് എംപി3 പ്ലെയർ ഉണ്ട്.നോക്കിയ 105, നോക്കിയ 106 4ജിയുടെ വില യഥാക്രമം 1299 രൂപയും. 2199 രൂപയുമാണ്. നോക്കിയ 105 ചാർക്കോൾ, സിയാൻ, ചുവപ്പ് നിറങ്ങളിലും നോക്കിയ 106 4ജി ചാർക്കോൾ, ബ്ലൂ നിറങ്ങളിലും ല

# ടിഗ്വാൻ നവീകരിച്ച് ഫോക്സ് വാഗൺ ഇന്ത്യ



**കൊച്ചി :** മെച്ചപ്പെടുത്തിയ ഫീച്ചറുമായി ഉപഭോക്താക്കൾക്കായി പുതുക്കിയ ടിഗ്വാൻ ഫോക്സ് വാഗൺപാസഞ്ചർ കാർസ് ഇന്ത്യ അവതരിപ്പിച്ചു.പുതിയതും പുതുമയുള്ളതുമായ ഡ്യുവൽടോൺ സ്റ്റോം ഗ്രേ ഇന്റീരിയറുകളും യാത്രയിൽ ഉപഭോക്താവിന് അവരുടെ മൊബൈൽ ഫോൺ ചാർജ് ചെയ്യാൻ കഴിയുന്ന വളരെയധികം ഡിമാന്റുള്ള വയർലെസ് മൊബൈൽ ചാർജിംഗിനൊപ്പം ഫോക്സ് വാഗൺന്റെ മുൻനിര എസ്യുവിഡബ്ല്യു ഉപഭോക്താക്കൾക്ക് ഇപ്പോൾ ലഭ്യമാണ്. പുതുക്കിയ ഫോക്സ്വാഗൺ ടിഗ്വാൻ ആർഡിഇ മാനദണ്ഡങ്ങൾക്ക് പാലിക്കുന്നു. പുതുക്കിയ ടിഗ്വാൻ 34.69 ലക്ഷം രൂപ (എക്സ്ഷോറൂം) എന്ന ആകർഷകമായ വിലയിൽ ഉപഭോക്താക്കൾക്ക് ലഭ്യമാണെന്ന് ഫോക്സ് വാഗൺ പാസഞ്ചർ കാർസ് ഇന്ത്യ ബ്രാൻഡ് ഡയറക്ടർ ആശിഷ് ഗുപ്ത പറഞ്ഞു.ഏറ്റവും ഇടുങ്ങിയ സ്ഥലങ്ങളിൽ വേഗത്തിലും മികച്ചരീതിയിലും പാർക്ക് ചെയ്യാൻ ഉപഭോക്താക്കളെ സഹായിക്കുന്നു. ടിഗ്വാനിൽ ഇപ്പോൾ പാർക്ക് അസിസ്റ്റ് (ലെവൽ 1 എഡിഎഎസ്സിസ്റ്റം) സജ്ജീകരിച്ചിട്ടുണ്ട്. പാർക്ക് അസിസ്റ്റ് ഒരു പേഴ്സണൽ പാർക്കിംഗ് അറ്റൻഡന്റുപോലെയാണ്.തലമുറതലമുറയായി ആഗോള ബെസ്റ്റ് സെല്ലറായ ഫോക്സ്വാഗൺ ടിഗ്വാന് വർദ്ധിച്ചുവരുന്ന ഡിമാൻറാണ് ലഭിക്കുന്നത്. തങ്ങളുടെ ഉപഭോക്താക്കൾക്ക് ശൈലി, പ്രകടനം, പ്രീമിയം നിലവാരം, സുരക്ഷ, ക്ലാസ്‌ലീഡിംഗ് ഫീച്ചറുകൾ എന്നിവയാണ് പുതുക്കിയ ടിഗ്വാനിലൂടെ ലഭ്യമാക്കുന്നത്. ഏറ്റവും മികച്ച ജർമ്മൻ എഞ്ചിനീയറിംഗ്, ബിൽഡ് ക്വാളിറ്റി, സുരക്ഷിതത്വം, ഫൺടുഡ്രൈവ് അനുഭവം എന്നിവയിലൂടെ ടിഗ്വാന് ശക്തമായ സാന്നിധ്യമാണ്. പുതുക്കിയ ടിഗ്വാൻ നിരവധി ഇന്ത്യൻ ഉപഭോക്താക്കളെ ഫോക്സ്വാഗൺ കുടുംബത്തിലേക്ക് ആകർഷിക്കുമെന്ന് തങ്ങൾക്ക് ഉറപ്പുണ്ടെന്നും ആശിഷ് ഗുപ്ത പറഞ്ഞു.ഫോക്സ് വാഗൺ സുരക്ഷയ്ക്ക് പ്രധാന്യം നൽകുന്നു. റിയർ സീറ്റ് ബെൽറ്റ് റിമൈൻഡർ, നൂതനമായ സുരക്ഷാ സാങ്കേതികവിദ്യകൾ, ആറ് എയർബാഗുകൾ, ആൻറിലോക്ക് ബ്രേക്കിംഗ് സിസ്റ്റം (എബിഎസ്), ഇഎസ്സി, ആൻറിസ്ലിപ്പ് റെഗുലേഷൻ (എഎസ്ആർ), ഇഡിഎൽ, ഇഡിടിസി എഞ്ചിൻ ഡ്രാഗ് ടോർക്ക് കൺട്രോൾ, ഹിൽ സ്റ്റാർട്ട് അസിസ്റ്റ്, ഹിൽ ഡിസന്റ് കൺട്രോൾ, ആക്റ്റീവ് ടിപിഎംഎസ്, പിന്നിൽ 3 ഹെഡ്റെസ്റ്റുകൾ, 3 പോയിന്റ് സീറ്റ് ബെൽറ്റുകൾ, ഐസോഫിക്സ്, ഡ്രൈവർ അലേർട്ട് സിസ്റ്റങ്ങൾ തുടങ്ങിയ സംവിധാനങ്ങളുമായാണ് ടിഗ്വാൻ എത്തുന്നത്. ഈ സുരക്ഷാ ഫീച്ചറുകൾ വാഹനത്തിനകത്തും ചുറ്റുപാടുമുള്ള യാത്രക്കാരെയും കാൽനടയാത്രക്കാരെയും സുരക്ഷിതമാക്കുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി.ഇന്ത്യയിലെ 115 നഗരങ്ങളിലായി 157 സെയിൽസും 124 സർവീസ് ടച്ച്പോയിൻറുകളുമുള്ള ഫോക്സ് വാഗൺന്റെ ശൃംഖലയിലുടനീളമുള്ള ഉപഭോക്താക്കൾക്ക് പുതുക്കിയ ടിഗ്വാൻ ലഭ്യമാകും. ടിഗ്വാനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് ഉപഭോക്താക്കൾക്ക് അടുത്തുള്ള ഡീലർഷിപ്പിലോ Volkswagen India വെബ്സൈറ്റിലോ ബന്ധപ്പെടാം.

# കൊച്ചി നഗരസഭയുടെ ഓൺലൈൻ സേവനങ്ങൾക്ക് തടസ്സം നേരിടും

**കൊച്ചി:** നഗരസഭയിൽ ഐ.കെ.എം പുതുതായി വികസിപ്പിക്കുന്ന കെസ്മാർട്ട് ഇ-ഗവർണൻസ് പ്ലാറ്റ്ഫോം നടപ്പിലാക്കുന്നതിൻറെ ഭാഗമായി മെയ് 24 വൈകുന്നേരം 06.00 മണി മുതൽ മെയ് 29 തീയതി വരെ വിവിധ സേവനങ്ങൾക്ക് തടസ്സം നേരിടുന്നത്. സേവന/ടിസിഎസ് സിവിൽ രജിസ്ട്രേഷൻ, സഞ്ചയ ലൈസൻസ് പോർട്ടൽ എന്നിവയിലൂടെ ലഭ്യമാകുന്ന ജനനമരണ, വിവാഹ രജിസ്ട്രേഷൻ, ജനന സർട്ടിഫിക്കറ്റിലെ തിരുത്തലുകൾ, വ്യാപാര ലൈസൻസ് അപേക്ഷകൾ സ്വീകരിക്കൽ തുടങ്ങിയ സേവനങ്ങൾക്കാണ് താത്കാലിക തടസ്സം നേരിടുന്നതെന്ന് മേയർ അറിയിച്ചു.

# താൽക്കാലിക തസ്തികയിലേക്ക് നിയമനം

**കൊച്ചി:** ഐ.എച്ച്.ആർ.ഡി എറണാകുളം റീജണൽ സെന്റർ മേൽനോട്ടം വഹിക്കുന്ന വിവിധ പ്രോജക്ടുകളിലേക്ക് വരുന്ന ഒഴിവുകളിലേക്ക് താൽക്കാലിക നിയമനം നടത്തുന്നതിനായി അപേക്ഷ ക്ഷണിച്ചു.ഡാറ്റ എൻട്രി ഓപ്പറേറ്റർ യോഗ്യത: ഗവ.അംഗീകൃത മൂന്നു വർഷത്തെ ഫുൾ ടൈം റെഗുലർ ഡിപ്ലോമയോടൊപ്പം (കമ്പ്യൂട്ടർ സയൻസ് / കമ്പ്യൂട്ടർ ഹാർഡ് വെയർ/ ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് / എൻസിവിടി സർട്ടിഫിക്കറ്റ് ), ഒരു പ്രമുഖ സ്ഥാപനത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഇൻ കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗ്/ ഡാറ്റ എൻട്രി ഓപ്പറേഷൻ / തത്തുല്യ യോഗ്യത. അഭിലഷണീയ യോഗ്യത : രണ്ടു വർഷത്തിൽ കുറയാതെയുള്ള വേർഡ് പ്രോസസ്സിംഗ്/ ഡാറ്റ എൻട്രി ഓപ്പറേഷൻ / ഐ.സി.ടി ഉപകരണങ്ങൾ കൈകാര്യം ചെയ്തുള്ള പ്രവൃത്തി പരിചയം. ടെക്നിക്കൽ അസിസ്റ്റൻറ് യോഗ്യത: ഗവ. അംഗീകൃത മൂന്നു വർഷത്തെ ഫുൾ ടൈം റെഗുലർ ഡിപ്ലോമയോടൊപ്പം (ഇലക്ട്രോണിക്സ് / ഐ.ടി /കമ്പ്യൂട്ടർ സയൻസ് /കമ്പ്യൂട്ടർ ഹാർഡ് വെയർ എഞ്ചിനീയറിങ്) അല്ലെങ്കിൽ മറ്റ് ഉയർന്ന യോഗ്യതകളോ , രണ്ടു വർഷത്തെ ഐ .ടി ടെക്നിക്കൽ സപ്പോർട്ട് ഫീൽഡിൽ ഫുൾ ടൈം ടെക്നിക്കൽ സപ്പോർട്ട് അല്ലെങ്കിൽ സമാന മേഖലയിലുള്ള ഹാർഡ് വെയർ / സോഫ്റ്റ്വെയർ / നെറ്റ് വർക്കിങ് സപ്പോർട്ട് / ടെക്നിക്കൽ ട്രബിൾ ഷൂട്ടിംഗ് എന്നിവയിലുള്ള പ്രവർത്തിപരിചയം.താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷയോടൊപ്പം യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, പ്രവൃത്തി പരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ apply2rcekmprojects@gmail.com എന്ന മെയിൽ ഐ.ഡിയിൽ മെയ് 25 ന് മുമ്പ് അയക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 0484 2957838, 0484 2337838.

# ജൂനിയർ റസിഡൻറ് കരാർ നിയമനം

**കൊച്ചി:**എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ വിവിധ വിഭാഗങ്ങളിലായി ജൂനിയർ റസിഡൻറുമാരെ 45,000 രൂപ നിരക്കിൽ കരാർ അടിസ്ഥാനത്തിൽ 90 ദിവസത്തേക്ക് നിയമിക്കുന്നു. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ മെയ് 26 ന് രാവിലെ 11ന് (11 മുതൽ മൂന്നു വരെ) മുമ്പായി യോഗ്യത, വയസ്, ജോലി പരിചയം ടി.സി. എം.സി രജിസ്ട്രേഷൻ എന്നിവ തെളിയിക്കുന്ന ഒറിജിനൽ രേഖകൾ സഹിതം അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ ഹാജരാകണം.

# അതിഥി അധ്യാപക ഒഴിവ്

കൊച്ചി: ഗവ:ആർട്സ് ആൻറ് സയൻസ് കോളേജ്, വൈപ്പിനിൽ 2023 24 അധ്യയന വർഷത്തിൽ മലയാളം, ഹിന്ദി, കമ്പ്യൂട്ടർ സയൻസ്, സ്റ്റാറ്റിസ്റ്റിക്സ് എന്നീ വിഷയങ്ങളിൽ അതിഥി അധ്യാപകരുടെ ഓരോ ഒഴിവുണ്ട്. എറണാകുളം കോളേജ് വിദ്യാഭ്യാസ വകുപ്പ് ഉപ മേധാവിയുടെ കാര്യാലയത്തിൽ ഗസ്റ്റ് അധ്യാപക പാനലിൽ രജിസ്റ്റർ ചെയ്ത യു.ജി.സി മാനദണ്ഡമനുസരിച്ച് നിശ്ചിത യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. അഭിമുഖത്തിൽ പങ്കെടുക്കേണ്ടവർ മലയാളം മെയ് 29ന് രാവിലെ 9.30, ഹിന്ദി 29 ന് ഉച്ചയ്ക്ക് 1.30, കമ്പ്യൂട്ടർ സയൻസ് 26ന് രാവിലെ 10.30, സ്റ്റാറ്റിസ്റ്റിക്സ് 26ന് രാവിലെ 9.30 സമയക്രമം പ്രകാരം കോളേജിൽ എത്തിച്ചേരണം. വൈകി എത്തുന്ന ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതല്ല.

## വെൻ കാർണിവൽ 20,21 തിയതികളിൽ കലൂർ സ്റ്റേഡിയത്തിൽ




**കൊച്ചി:** വനിതാ സംരംഭകരം പ്രോൽസാഹിപ്പിക്കുന്നതിനായി 2017 മുതൽ ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സംരംഭ സംഘടനയായ വെൻ സംഘടിപ്പിക്കുന്ന ആദ്യ മെഗാ കാർണിവൽ ഈ മാസം 20,21 തിയതികളിൽ കലൂർ രാജ്യാന്തര സ്റ്റേഡിയത്തിൽ നടക്കുമെന്ന് സംഘാടകർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.20 ന് ഉച്ചയ്ക്ക് 12ന് മന്ത്രി പി രാജീവ് കാർണിവൽ ഉദ്ഘാടനം ചെയ്യും.കൊച്ചി മേയർ അഡ്വ.എം.അനിൽകുമാർ,ഹൈബി ഈഡൻ എം.പി,എസ്.സുഹാസ്,ചലച്ചിത്രതാരം മിയ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും. കാർണിവലിന് തുടക്കം കുറിച്ചുകൊണ്ട് രാവിലെ 10 ന് നടക്കുന്ന ചടങ്ങിൽ കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി നാടമുറിയ്ക്കും. ഷീല കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി ആദ്യ വിൽപന ഉദ്ഘാടനം ചെയ്യും. 118 സംരംഭകർ തങ്ങളുടെ ഉൽപ്പന്നങ്ങളുമായി കാർണിവലിൽ പങ്കെടുക്കും.കുട്ടികൾക്കും മുതിർന്നവർക്കുമായി ഫ്ളവർ അറേഞ്ച്മെന്റ്,കരുത്തോല ക്രാഫ്റ്റ്,ബട്ടൻ മസാല ബൈ അനൂജ ശർമ്മ, വീവിംങ് ബൈ സതീഷ് പോലുദാസ് എന്നിങ്ങനെ വിവിധ ശിൽപ്പശാലകളും വെൻ അംഗങ്ങളും മാണിക്കത്ത് കോറ്റ്യൂറും ചേർന്നൊരുക്കുന്ന ഫാഷൻ ഷോയും ഗായിക സെബാ ടോമിയുടെയുടെ മ്യൂസിക്കൽ നൈറ്റസും ഉണ്ടാകും.കൂടാതെ ലൈവ് മെഹന്ദി,ലൈവ് കാരിക്കേച്ചർ,ഫേസ് പെയിന്റിംഗ്,കാലിഗ്രഫി സെഗ്മെന്റ്,ബലൂൺ മെൻ, തുടങ്ങി കിഡ്സ് സ്പെഷ്യൽ സെഷനുകളും വെൻകാർണിവലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.21 ന് ഡിജെ ഷാമിൽ ഒരുക്കുന്ന ഡിജെ നൈറ്റും ഉണ്ട്.വാർത്താസമ്മേളനത്തിൽ ഷീല കൊച്ചൗസേപ്പ് , ആഷ സുരേഷ്, ലൈല സുധീഷ്, ബീന മനോജ്, ദിവ്യ തുടങ്ങിയവർ പങ്കെടുത്തു.

## 4.77 ലക്ഷത്തിലധികം യൂണിറ്റ് ഉടമകളുമായി യുടിഐ മിഡ് ക്യാപ് ഫണ്ട്

UTI Mutual Fund

**കൊച്ചി:** യുടിഐ മിഡ് ക്യാപ് ഫണ്ടിന് 4.77 ലക്ഷത്തിലധികം യൂണിറ്റ് ഉടമകളുണ്ടെന്ന് 2023 ഏപ്രിൽ 30ലെ കണക്കുകൾ സൂചിപ്പിക്കുന്നു. ഫണ്ട് കൈകാര്യം ചെയ്യുന്ന ആസ്തി 7,289 കോടി രൂപയിലുമെത്തി. 2004ലാണ് ഈ ഫണ്ട് നിലവിൽ വന്നത്. പ്രധാനമായും മിഡ് ക്യാപ് കമ്പനികളിൽ നിക്ഷേപിക്കുന്ന ഒരു ഓപ്പൺ എൻഡഡ് ഇക്വിറ്റി സ്കീമാണ് യുടിഐ മിഡ് ക്യാപ് ഫണ്ട്.വിവിധ വ്യവസായ മേഖലകളിലും വിഭാഗത്തിലുമുള്ള 79 ഓഹരികൾ ഉൾപ്പെടുന്ന വളരെ വൈവിധ്യവത്കരിച്ച നിക്ഷേപശേഖരമാണ് ഫണ്ടിനുള്ളത്. നീണ്ട വളർച്ചാപാതയുമുള്ള കമ്പനികളിൽ നിക്ഷേപം നടത്തുന്നതിലാണ് ഫണ്ട് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഫണ്ടിൻറെ 8590 ശതമാനം നിക്ഷേപവും മിഡ് ക്യാപ്, സ്മോൾ ക്യാപ് കമ്പനികളുടെ ഓഹരികളിലാണ്. ഇതിൽതന്നെ 69 ശതമാനം നിക്ഷേപം മിഡ് ക്യാപ് കമ്പനികളിലും 17 ശതമാനം സ്മോൾ ക്യാപ് കമ്പനികളിലുമാണ്. ശേഷിച്ച നിക്ഷേപം ലാർജ് ക്യാപ് ഓഹരികളിലാണെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.പ്രധാനമായും മിഡ് ക്യാപ് കമ്പനികളിൽ നിക്ഷേപിക്കുന്ന ഒരു പോർട്ട്ഫോളിയോയിൽ നിക്ഷേപം നടത്താൻ ആഗ്രഹിക്കുന്നവർക്ക് യോജിച്ചതാണ് യുടിഐ മിഡ് ക്യാപ് ഫണ്ടെന്നും കമ്പനി അധികൃതർ പറഞ്ഞു.

## സൗജന്യ അനിമേഷൻ ശിൽപ്പശാല 20ന്

**കൊച്ചി:** അസാപ് കേരളയും സെബു അനിമേഷൻ സ്റ്റുഡിയോയും ചേർന്ന് സൗജന്യമായി സംഘടിപ്പിക്കുന്ന ഡാറ്റ്സി കാരവൻ അനിമേഷൻ വർക്ക്ഷോപ്പ് മെയ് 20 ന് കളമശ്ശേരിയിലെ അസാപ് കേരള കമ്യൂണിറ്റി സ്കിൽ പാർക്കിൽ നടക്കും.സെബു അനിമേഷൻ സ്റ്റുഡിയോ സ്ഥാപകനും ഇന്ത്യൻ അനിമേഷൻ രംഗത്തെ പ്രഗത്ഭനുമായ വിരൻ പട്ടേൽ, സിനിമാഅധ്യാപന രംഗത്തെ പ്രമുഖനായ മൈക്കൽ ജോസഫുമാണ് ക്ലാസുകൾ നയിക്കുന്നത്. രാവിലെ ഒമ്പതിന് ശിൽപ്പശാല ആരംഭിക്കും. പങ്കെടുക്കാൻ ഓൺലൈനായി രജിസ്റ്റർ ചെയ്യണം (https://www.datsischool.com/caravan). താൽപര്യമുള്ളവർക്കെല്ലാം പങ്കെടുക്കാം.

## ’ചാർജ്ജ് മൈ ഓഡി” ആപ്ലിക്കേഷനുമായി ഓഡി




**കൊച്ചി:**ജർമ്മൻ ആഡംബര കാർ നിർമ്മാതാക്കളായ ഓഡി, ഇട്രോൺ ഉപഭോക്തക്കൾക്കായി ”മൈഓഡി കണക്റ്റ്”('myAudiConnect') ആപ്പിലൂടെ 'ചാർജ്ജ് മൈ ഓഡി' അപ്ലിക്കേഷൻ അവതരിപ്പിക്കുന്നതായി പ്രഖ്യാപിച്ചു.ഓഡി ഇട്രോൺ ഉപഭോക്താക്കൾക്ക് മാത്രമായി ഒന്നിലധികം ചാർജിംഗ് സ്റ്റേഷനുകൾക്കുള്ള ഒരു വൺ സ്റ്റോപ്പ് ആപ്ലിക്കേഷനാണിത്.ഇലക്ട്രിക് വാഹനങ്ങൾക്ക് ഊന്നൽ നൽകുന്ന ഓഡിയുടെ ആദ്യ സംരംഭമാണ് ചാർജ്മൈഓഡി.നിലവിൽ ഈ അപ്ലിക്കേഷനിൽ അഞ്ച് ചാർജിംഗ് പങ്കാളികളാണ് ഉൾപ്പെടുന്നത്. ന്യൂമോസിറ്റി ടെക്നോളജിയുടെ ഈഎംഎസ്പി റോമിംഗ് സൊല്യൂഷൻ പവർ നൽകിയിരിക്കുന്ന ആർഗോ ഇവി സ്മാർട്ട്, ചാർജ് സോൺ, ലയൺചാർജ്, റിലക്സ് ഇലക്ട്രിക്, സീയോൺ ചാർജിംഗ് എന്നിവയാണ് അവ. ഉപഭോക്താക്കൾക്ക് ഡ്രൈവ് ചെയ്യുന്ന വഴികൾ കാര്യക്ഷമമായി ആസൂത്രണം ചെയ്യാനും വഴിയിലെ ചാർജിംഗ് സ്റ്റേഷനുകൾ തിരിച്ചറിയാനും ചാർജിംഗ് ടെർമിനലുകളുടെ ലഭ്യത പരിശോധിക്കാനും ചാർജിംഗ് ആരംഭിക്കാനും നിർത്താനും ഒരൊറ്റ പേയ്മെന്റ് ഗേറ്റ്വേ വഴി സേവനത്തിന് പണം നൽകാനും ഈ അപ്ലിക്കേൻ വഴി സാധിക്കുന്നു. നിലവിൽ, ഓഡി ഇട്രോൺ ഉടമകൾക്ക് 'ചാർജ്ജ് മൈ ഓഡി'യിൽ 750+ ചാർജ് പോയിന്റുകൾ ലഭ്യമാണ്. അടുത്ത ഏതാനും ആഴ്ചകളിലും മാസങ്ങളിലും കൂടുതൽ പോയന്റുകൾ കൂട്ടിച്ചേർക്കുമെന്നും ഓഡി ഇന്ത്യയുടെ ഹെഡ് ബൽബീർ സിംഗ് ധില്ലൻ വ്യക്തമാക്കി. ഓഡി ഇന്ത്യ ഉപഭോക്തൃ കേന്ദ്രീകൃതമായാണ് പ്രവർത്തിക്കുന്നത്.ഉപഭോക്താവിന് സൗകര്യം പ്രദാനം ചെയ്യാൻ ലക്ഷ്യമിട്ടുള്ള, ഈ മേഘലയിലെ ആദ്യ സംരംഭമാണ് 'ചാർജ്ജ് മൈ ഓഡി'.ഇട്രോൺ ഉപഭോക്തക്കൾക്ക് നിലവിൽ 750+ ചാർജ് പോയിന്റുകൾ ലഭ്യമാണെന്നും. അടുത്ത ഏതാനും ആഴ്ചകളിലും മാസങ്ങളിലും ഈ എണ്ണം ഗണ്യമായി വർദ്ധിപ്പിക്കുമെന്നും ബൽബീർ സിംഗ് ധില്ലൻ അഭിപ്രായപ്പെട്ടു.വൈദ്യുത വാഹനങ്ങളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കുന്നതിൽ പ്രതിജ്ഞാബദ്ധരാണെന്നും. കൂടാതെ വൈദ്യുത വാഹനങ്ങളെ തുടർച്ചയായി വിലയിരുത്തുകയും കൂടുതൽ ചാർജിംഗ് സ്റ്റേഷനുകൾ വികസിപ്പിക്കുകയും ചെയ്യുമെന്നും ഫോക്സ്വാഗൺ ഗ്രൂപ്പ് സെയിൽസ് ഇന്ത്യയുടെ എക്സിക്യൂട്ടീവ് ഡയറക്ടറും ബോർഡ് അംഗവുമായ ക്രിസ്റ്റ്യൻ കാൻ വോൺ സീലൻ പറഞ്ഞു.

## ഫ്രാൻസ് പരമോന്നത സിവിലിയൻ പുരസ്കാരം ഏറ്റുവാങ്ങി ടാറ്റ ഗ്രൂപ്പ് ചെയർമാൻ എൻ ചന്ദ്രശേഖരൻ



**ന്യൂഡൽഹി:** ഇന്ത്യയും ഫ്രാൻസും തമ്മിലുള്ള വ്യാപാര ബന്ധം ശക്തിപ്പെടുത്തുന്നതിന് നൽകിയ സംഭാവനകൾ പരിഗണിച്ച് ടാറ്റ ഗ്രൂപ്പ് ചെയർമാൻ എൻ ചന്ദ്രശേഖരന് ഫ്രാൻസിന്റെ പരമോന്നത സിവിലിയൻ ബഹുമതിയായ ഷെവലിയർ ഡി ലാ ലെജിയൻ ഡി ഹോണർ. ഫ്രഞ്ച് പ്രസിഡൻറിനെ പ്രതിനിധീകരിച്ച് ഫ്രാൻസിൻറെ യൂറോപ്പ്, വിദേശകാര്യ മന്ത്രി കാതറിൻ കൊളോന എൻ ചന്ദ്രശേഖരന് അവാർഡ് നൽകി .തങ്ങളുടെ ചെയർമാൻ എൻ ചന്ദ്രശേഖരൻ ഫ്രാൻസിന്റെ യൂറോപ്പ്, വിദേശകാര്യ മന്ത്രിയിൽ നിന്ന് ഷെവലിയർ ഡി ലാ ലെജിയൻ ഡി ഹോണർ സ്വീകരിക്കുന്നു. ഇന്ത്യയും ഫ്രാൻസും തമ്മിലുള്ള വ്യാപാര ബന്ധം ശക്തിപ്പെടുത്തുന്നതിന് നൽകിയ സംഭാവനകൾക്കാണ് ഫ്രാൻസിന്റെ പരമോന്നത സിവിലിയൻ അവാർഡ് അദ്ദേഹത്തിന് ലഭിച്ചതെന്ന് ടാറ്റ ഗ്രൂപ്പ് ഒരു ടിീറ്റിൽ പറഞ്ഞു.ഫ്രാങ്കോ ഇന്ത്യൻ പങ്കാളിത്തത്തിൽ ടാറ്റ ഗ്രൂപ്പ് ഓഫ് കമ്പനികൾ ഒരു പ്രധാന പങ്ക് വഹിക്കുന്നുവെന്ന് അവാർഡ് സമ്മാനിച്ചതിന് ശേഷം, കാതറിൻ കൊളോന ഒരു ടിീറ്റിൽ പറഞ്ഞു. റിപ്പബ്ലിക് പ്രസിഡൻറിന് വേണ്ടി, എൻ ചന്ദ്രശേഖരന് ഷെവലിയർ ഡി ലാ ലീജിയൻ ഡി ഹോണറിൻറെ മുദ്രകൾ സമ്മാനിക്കുന്നതിൽ തനിക്ക് സന്തോഷമുണ്ട്. പ്രിയപ്പെട്ട നടരാജൻ ചന്ദ്രശേഖരൻ ഫ്രാൻസിൻറെ സുഹൃത്താണെന്നും അവർ പറഞ്ഞു.പ്രിയപ്പെട്ട നടരാജൻ ചന്ദ്രശേഖരൻ, താങ്കൾ ഫ്രാൻസിന്റെ യഥാർത്ഥ സുഹൃത്താണെന്ന് ഇന്ത്യയിലെ ഫ്രഞ്ച് അംബാസഡർ ഇമ്മാനുവൽ ലെനെയ്ൻ ടിിറ്ററിൽ കുറിച്ചു.ഈ വർഷം ആദ്യം, ടാറ്റ ഗ്രൂപ്പിന്റെ ഉടമസ്ഥതയിലുള്ള എയർ ഇന്ത്യ, 210 എ320 നിയോ വിമാനങ്ങളും 40 എ350 വിമാനങ്ങളും ഉൾപ്പെടെ 250 വിമാനങ്ങൾ വാങ്ങാൻ എയർബസുമായി കോടിക്കണക്കിന ് ഡോളറിന്റെ കരാറിൽ ഒപ്പുവച്ചിരുന്നു.കഴിഞ്ഞ വർഷം ഡിസംബറിൽ, ആഗോള എയ്റോസ്പേസ്, പ്രതിരോധ മേഖലയുടെ പുതിയ കാലത്തെ ഉത്പന്ന എഞ്ചിനീയറിംഗും ഡിജിറ്റൽ ആവശ്യകതകളും നിറവേറ്റുന്നതിനായി ടാറ്റ ടെക്നോളജീസ് അതിന്റെ ഇന്നൊവേഷൻ സെന്റർ ഫ്രാൻസിലെ ടുലൂസിൽ ഉദ്ഘാടനം ചെയ്തു.

# ഐ.എഫ്.ബി യുടെ സുസ്ഥിര ശുചിത്വ പ്രചാരണ പദ്ധതിക്ക് തുടക്കം



**കൊച്ചി:** ഗൃഹോപകരണ രംഗത്തും, വാണിജ്യ മേഖലയിലും വാഷർ,ഡിഷ് വാഷർ തുടങ്ങിയവയുടെ മുൻനിര ഉൽപാദകരായ ഐഎഫ്ബി ഇൻഡസ്ട്രീസ് ലിമിറ്റഡ്, പാരിസ്ഥിതിക ആഘാതം കുറച്ച് ബൾക്ക് ലോഡുകൾ സുസ്ഥിരമായി കൈകാര്യം ചെയ്യുന്ന പുതിയ ശ്രേണിയിലുള്ള ഉൽപ്പന്നങ്ങൾ പ്രദർശിപ്പിച്ചു. 'ഗ്രോയിംഗ് ഗ്രീൻ ടുഗതർ' എന്ന പ്രദർശനം ഹോട്ടൽ ഹയാത്തിലാണ് നടന്നത്.ചടങ്ങിൽ ഐ എഫ് ബി യുടെ നൂതന വാണിജ്യ ശുചീകരണ ഉപകരണങ്ങളുടെ പ്രവർത്തനവും സവിശേഷതകളും ഉപഭോക്താക്കൾക്കും ബിസിനസ്സ് പങ്കാളികളികൾക്കുമായി വിശദീകരിച്ചു. XEROS ടെക്നോളജി വാഷർ എക്സ്ട്രാക്ടർ, ടംബൾ ഡ്രയർ, ഹൈജീനിക് ബാരിയർ വാഷ് എക്സ്ട്രാക്റ്റർ, ഫ്ലാറ്റ് ബെഡ് പ്രസ്സ്, യൂട്ടിലിറ്റി ലോൺട്രി പ്രസ്സ്, ബോഡി പ്രസ്സ്, വാക്വം അയണിംഗ് ടേബിൾ, സ്റ്റെയിൻ റിമൂവർ മെഷീൻ എന്നിവയുംഡിഷ് വാഷിങ്ങിനുള്ള വാണിജ്യ ഉൽപ്പന്നങ്ങളായ കൺവെയർ ഡിഷ്വാഷർ, ഹുഡ് ടൈപ്പ് ഡിഷ്വാഷർ, അണ്ടർകൗണ്ടർ ഡിഷ്വാഷർ, അണ്ടർകൗണ്ടർ ഗ്ലാസ് വാഷർ, പാത്രം, പോട്ട് ആന്റ് യൂട്ടൻസിൽസ് വാഷർ എന്നിവയും പ്രദർശിപ്പിച്ചു.വാണിജ്യ ലോൺട്രി രംഗത്ത് സുസ്ഥിര സാങ്കേതിക വിദ്യ നടത്തിയ കുതിച്ചുചാട്ടമാണ് ഐ.എഫ്.ബി പേറ്റന്റ് നേടിയ 'XEROS' സാങ്കേതികവിദ്യയെന്ന് ഐ.എഫ്. ബി അപ്ലയൻസസ് ബിസിനസ് ഹെഡ് കൃഷ്ണമൂർത്തി പറഞ്ഞു.ഇത് ജലം 70% വരെയും, ഊർജ്ജവും ഡിറ്റർജന്റ് ഉപയോഗവും 50% വരെയും ലാഭിക്കുന്നതാണെന്നും കൃഷ്ണമൂർത്തി പറഞ്ഞു.ബംഗളുരുവിൽ കമ്പനിക്ക് അത്യാധുനിക നിർമ്മാണ യൂണിറ്റുണ്ട്. ഹോസ്പിറ്റാലിറ്റി, ഹെൽത്ത് കെയർ എന്നിവയുൾപ്പെടെ പത്തിലധികം വിഭാഗങ്ങളിലായി 50ലധികം ഉൽപ്പന്നങ്ങൾ കമ്പനി നിർമ്മിക്കുന്നുണ്ട്.ജൈവ ജീർണ്ണനശേഷിയുള്ളതും വിഷരഹിതവുമായ ഡിറ്റർജന്റുകൾ, രാസവസ്തുക്കൾ എന്നിവ ഉൾപ്പെടുന്ന പുതിയ ഉൽപ്പന്ന ഒരു ശ്രേണിയും വികസിപ്പിക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു.രണ്ട് ദശാബ്ദങ്ങൾക്കുള്ളിൽ റെസ്റ്റോറന്റുകൾ, ഹോട്ടലുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഓഫീസ് പാന്ററി/കാന്റീനുകൾ, ഫുഡ് കാറ്ററിംഗ് വ്യവസായം എന്നിവയ്ക്കുള്ള വാണിജ്യ ഡിഷ് വാഷിംഗ് ഉൽപ്പന്ന സേവന രംഗത്ത് മുൻ നിരക്കാരാണ് ഐ.എഫ്.ബി. അടുത്ത മൂന്ന് വർഷത്തിനുള്ളിൽ മൂന്നിരട്ടി വളർച്ചയാണ് ലക്ഷ്യമിടുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ഹോട്ടൽ, ഹോസ്പിറ്റാലിറ്റി, ഹെൽത്ത് കെയർ ബിസിനസ്സ് പങ്കാളികൾ, ഉപഭോക്താക്കൾ ബിസിനസ്സ് അസോസിയേറ്റുകൾ ജീവനക്കാർ, എന്നിവരുൾപ്പെട്ട കസ്റ്റമർ മീറ്റും പരിപാടിയുടെ ഭാഗമായി നടന്നു.

# ജിൻഡാൽ ന്യൂകളർ പ്ലസ് സ്റ്റീൽ ഷീറ്റുകൾ വിപണിയിൽ



**കൊച്ചി:**ജിൻഡാൽ ഇന്ത്യ ലിമിറ്റഡിന്റെ ഏറ്റവും പുതിയ ഉൽപ്പന്നമായ ന്യൂകളർ പ്ലസ് സ്റ്റീൽ ഷീറ്റുകൾ വിപണിയിൽ അവതരിപ്പിച്ചു. കെട്ടിട നിർമ്മാണത്തിനും അനുബന്ധ ആവശ്യങ്ങൾക്കുമായി നൂതന സാങ്കേതികവിദ്യ പ്രാപ്തമാക്കിയ കളർ സ്റ്റീൽ ഷീറ്റാണ് ന്യൂകളർ പ്ലസ് എന്ന് ജിൻഡാൽ ഇന്ത്യ ലിമിറ്റഡ് സെയിൽസ് ആൻഡ് മാർക്കറ്റിംഗ് എ.വി പി സച്ചിൻ മിഷ്റ പറഞ്ഞു. സ്റ്റീൽ ഷീറ്റുകൾക്ക് 15വർഷ വാറന്റിയാണ് കമ്പനി ഉറപ്പുനൽകുന്നത്. വിവിധ നിറങ്ങളിൽ പുതിയ ഷീറ്റുകൾ ലഭ്യമാണ്. നൂതന പെയിന്റിംഗ് സാങ്കേതിക വിദ്യ നീണ്ടകാലം ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന നിറം മങ്ങലിൽ നിന്നും സംരക്ഷിക്കുന്നു. കഠിനമായ അൾട്രാവയലറ്റ് വികിരണത്തിന് കീഴിൽ പോലും മികച്ച ഈട് നൽകുന്നു. 150 എ ഇസഡ് അലുമിനിയം സിങ്ക് കോട്ടിങ്ങുള്ള ജിൻഡാൽ ന്യൂകളർ+ ന്റെ മികച്ച കോറോഷൻ റെസിസ്റ്റൻസ്, റൂഫിംഗിനും വാൾ ക്ലാഡിംഗിനും തുരുമ്പു പിടിക്കാതെ ഏറെക്കാലം നിലനിൽക്കാൻ സഹായിക്കുന്നു. ചൂട് ആഗിരണം വളരെയധികം കുറയ്ക്കുകവഴി മേൽക്കൂരയുടെ പരമാവധി താപനില ഗണ്യമായി താഴുന്നു. തന്മൂലം സുഖപ്രദമായ അന്തരീക്ഷം ഉറപ്പാക്കുകയും ഊർജ്ജ ഉപഭോഗം ഗണ്യമായി കുറക്കാൻ സഹായിക്കുകയും ചെയ്യുന്നു. പുതിയ സ്റ്റീൽ ഷീറ്റുകൾ കേരളം പോലെ ശക്തമായ മഴ ലഭിക്കുന്ന പ്രദേശങ്ങൾ, ഉപ്പ് കാറ്റടിക്കുന്നതും ഈർപ്പം നിറഞ്ഞ അന്തരീക്ഷം ഉള്ളതുമായ തീരപ്രദേശങ്ങൾ, മഞ്ഞു വീഴ്ച്ചയുള്ളതോ, അത്യുഷ്ണം നേരിടുന്നതോ ആയ പ്രദേശങ്ങൾ എന്നിങ്ങനെ ഏത് കാലാവസ്ഥയിലുമുള്ള പ്രീമിയം പ്രോജക്റ്റുകൾക്ക് വളരെ അനുയോജ്യമാണെന്നും സച്ചിൻ മിഷ്റ പറഞ്ഞു. ജിൻഡാൽ ഇന്ത്യ ലിമിറ്റഡ് സെയിൽസ് ആൻഡ് മാർക്കറ്റിംഗ് എ.വിപി സച്ചിൻ മിഷ്റ, സൗത്ത് സോൺ ഹെഡ് ഭാസ്ക്കർ ചെറീകാർ, എഎസ്എം അനിൽ പ്രസാദൻ എന്നിവർചേർന്ന് ജിൻഡാൽ ന്യൂകളർ പ്ലസ് സ്റ്റീൽ ഷീറ്റുകൾ ആദ്യമായി കേരള വിപണിയിൽ അവതരിപ്പിച്ചു.

# ലോക ഐബിഡി ദിനാചരണം സംഘടിപ്പിച്ചു



**കൊച്ചി:**ലോക ഐബിഡി ദിനാചരണത്തിനോടനുബന്ധിച്ച് ലിസി ഹോസ്പിറ്റലിൽ ഗാസ്ട്രോഎന്ററോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ രോഗികൾക്കായുള്ള ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു. ഹോസ്പിറ്റൽ മാനേജിംഗ് ഡയറക്ടർ ഫാ. പോൾ കരേടൻ ഗാസ്ട്രോഎൻട്രോജണി വിഭാഗം മേധാവി ഡോ. മാത്യു ഫിലിപ്പ്, ഗാസ്ട്രോസർജറി വിഭാഗം മേധാവി ഡോ. വേണുഗോപാൽ, ചലച്ചിത്ര താരം ഡോ. റോണി ഡേവിഡ് എന്നിവർ പങ്കെടുത്തു. വിദഗ്ധ ഡോക്ടർമാരുടെ ക്ലാസുകളും സംവാദങ്ങളും ചോദ്യോത്തര വേളകളും ഉണ്ടായിരുന്നു. ഡോ. പ്രകാശ് സക്കറിയ, ഡോ. ഷിബി മാത്യു, ഡോ. ഹാസിം അഹമ്മദ്, ഡോ. ബിമാൽ മുഹമ്മദ്, ഡോ. കിരൺ ജോസി എന്നിവർക്കു പുറമേ ഗാസ്ട്രോഎൻട്രോളജി ഡോ. രമ്യ ആർ പൈ എന്നിവർ രോഗത്തിന്റെ വിവിധ തലങ്ങളെക്കുറിച്ച് സംസാരിച്ചു. രോഗികളുടെ അനുഭവ സാക്ഷ്യങ്ങളും കലാപരിപാടികളും ഉണ്ടായിരുന്നു. ഇരുന്നൂറിലേറെ രോഗികൾ പങ്കെടുത്തു.

# പുതിയ നേക്കഡ് വെജ്ജി ടാക്കോ അവതരിപ്പിച്ച് ടാക്കോ ബെൽ ഇന്ത്യ




**കൊച്ചി:** മെക്സിക്കൻ പ്രചോദിത റസ്റ്റോറന്റ് ബ്രാൻഡായ ടാക്കോ ബെൽ, നേക്കഡ് വെജ്ജി ടാക്കോ അവതരിപ്പിച്ചു. ടാക്കോ ബെൽന്റെ മുൻനിര ഉൽപ്പന്നങ്ങളിൽ ഒന്നായി മാറിയ നേക്കഡ് ചിക്കൻ ടാക്കോയുടെ ചുവടുപിടിച്ചുകൊണ്ടാണ് ടാക്കോ ബെൽ ഇന്ത്യ ഇപ്പോൾ നേക്കഡ് വെജ്ജി ടാക്കോ അവതരിപ്പിച്ചിരിക്കുന്നുത്. ഇന്ത്യയിലുള്ള ടാക്കോ ബെൽ റെസ്റ്ററന്റുകൾ അൺലിമിറ്റഡ് പെപ്സിയോടൊപ്പം 199 രൂപയ്ക്ക് പുതിയ നേക്കഡ് വെജ്ജി ടാക്കോ ലഭ്യമാണെന്ന് ടാക്കോ ബെല്ലിന്റെ ഇന്ത്യയിലെ എക്സ്ക്ലൂസീവ് ഫ്രാഞ്ചൈസി പങ്കാളിയായ ബർമൻ ഹോസ്പിറ്റാലിറ്റി പ്രൈവറ്റ് ലിമിറ്റഡിന്റെ ഡയറക്ടർ ഗൗരവ് ബർമൻ പറഞ്ഞു.നേക്കഡ് ടാക്കോയുടെ ഗുണമേന്മ ഉയർത്തിക്കാട്ടുതിനായി ബ്രാൻഡ് #GetNaked എന്ന ഡിജിറ്റൽ കാമ്പെയ്നും ആരംഭിച്ചട്ടുണ്ട്. ഇതിന്റെ ഭാഗമായി ബ്രാൻഡ് സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ രണ്ട് ടാക്കോയുടെയും ആവേശമുണർത്തുതും വായിൽ വെള്ളമൂറുന്ന വിഷ്വലോടുകൂടിയ ഒരു ഡിജിറ്റൽ ഫിലിമും പുറത്തിറക്കിയിട്ടുണ്ട്. രാജ്യത്തുടനീളമുള്ള ടാക്കോ പ്രേമികളെ ഈ രുചികരമായി ലഭിക്കു മെനു ഇനങ്ങൾ പരീക്ഷിക്കാൻ പ്രോത്സാഹിപ്പിക്കുതിനും കാമ്പെയ്നിന്റെ സന്ദേശം പ്രചരിപ്പിക്കുതിനുമായി ടാക്കോ ബെൽ ഇന്ത്യയും ജനപ്രിയ കണ്ടന്റ് ക്രിയേറ്റർമാരുമായി പങ്കാളികളാകും. നേക്കഡ് ചിക്കൻ ടാക്കോ പോലെ രുചികരവും പോഷകപ്രദവും അതുല്യവുമായ വെജിറ്റേറിയൻ ഓപ്ഷൻ സൃഷ്ടിക്കാൻ ഞങ്ങൾ കഠിനമായിതന്നെ പരിശ്രമിച്ചിരുന്നുവെന്ന് ഗൗരവ് ബർമൻ പറഞ്ഞു. ഉപഭോക്താക്കൾക്കും ആരാധകർക്കും ഈ അത്ഭുതകരമായ നേക്കഡ് വെജ്ജി ടാക്കോ ഏറ്റവും മേന്മയിൽ നൽകാൻ കഴിഞ്ഞതിൽ താൻ സന്തുഷ്ടനാണ്. തങ്ങളുടെ സ്റ്റോറുകളിലോ ഡെലിവറി പങ്കാളികൾ വഴിയോ ടാക്കോ ബെൽ സന്ദർശിച്ച് #GetNaked ആകുവാൻ തയ്യാറാകുവെന്നും ഗൗരവ് ബർമൻ പറഞ്ഞു.

# കുഫോസ് പി.ജി.പ്രവേശന പരീക്ഷ 28 ന്

കൊച്ചി കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയിലെ (കുഫോസ്) വിവിധ പി.ജി.കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷ മെയ് 28 ന് നടക്കും. കൊച്ചി.തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ എന്നിവയാണ് പരീക്ഷാകേന്ദ്രങ്ങൾ. യോഗ്യരായ അപേക്ഷകരുടെ ലിസ്റ്റ് സർവ്വകലാശാല വെബ് സെറ്റിൽ (www.kufos.ac.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഹാൾ ടിക്കറ്റുകൾ കുഫോസ് അഡ്മിഷൻ പോർട്ടലിൽ നിന്നും മെയ് 22 മുതൽ ഡൌൺലോഡ് ചെയ്യാവുന്നതാണ്. ഫോൺ 0484 2701085, ഇ മെയിൽ kufosexam4@gmail.com

# ജ്യോതിർമയ സമുച്ചയത്തിന്റെ ആറാം നില സുസജ്ജം; ഉദ്ഘാടനം ഇന്ന്

**കൊച്ചി:** കേരളത്തിന്റെ ഐ.ടി കുതിപ്പിന് കരുത്തേകാൻ കൂടുതൽ വികസന പ്രവർത്തനങ്ങളുമായി ഇൻഫോപാർക്ക്. ഇൻഫോപാർക്ക് ഫെയ്സ് ടുവിലെ ജ്യോതിർമയ സമുച്ചയത്തിലെ ആറാം നില പൂർണമായും പ്രവർത്തന സജ്ജമായി. സർക്കാരിന്റെ നൂറു ദിന കർമ്മ പദ്ധതിയിലുൾപ്പെടുത്തി 35000 ചതുരശ്ര അടിയിൽ ഇലക്ട്രോണിക്സ് ആൻഡ് ഐ.ടി വകുപ്പിന്റെ നേതൃത്വത്തിൽ നിർമാണം പൂർത്തിയാക്കിയ സൗകര്യം മുഖ്യമന്ത്രി പിണറായി വിജയൻ  ഇന്ന് ഓൺലൈനായി ഉദ്ഘാടനം ചെയ്യും. 500 ചതുരശ്ര അടി മുതൽ 9100 ചതുരശ്ര അടി ബിൽട്ട് അപ്പ് സ്പെയ്സുള്ള ചെറുതും വലുതുമായ വ്യത്യസ്ത സീറ്റിങ്ങ് കപ്പാസിറ്റിയുള്ള (11 സീറ്റ് മുതൽ 170 സീറ്റുവരെ) ഒൻപത് പ്ലഗ് ആൻഡ് പ്ലേ ഓഫീസുകളാണ് ജ്യോതിർമയ സമുച്ചയത്തിന്റെ ആറാം നിലയിൽ സജ്ജമാക്കിയിരിക്കുന്നത്. ഓരോ ഓഫീസിലും വർക്ക് സ്റ്റേഷനുകൾ, പ്രത്യേക ക്യാബിനുകൾ, മീറ്റിങ്ങ്/ഡിസ്കഷൻ റൂമുകൾ എന്നിവയും മറ്റ് സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. ഇതിന് പുറമേ മികച്ച സൗകര്യങ്ങളോടെ കോൺഫറൻസ് റൂമും പാൻട്രിയും ഈ നിലയിൽ സജ്ജമാക്കിയിട്ടുണ്ട്. രണ്ടു വിങ്ങുകളിലായി നിർമിച്ച വിവിധ ഓഫീസുകളിൽ 550 നേരിട്ടുള്ള തൊഴിലവസരങ്ങളാണ് സൃഷ്ടിക്കപ്പെടുന്നത്. ഇതിനോടകം വിവിധ കമ്പനികൾ ഈ ഒൻപത് ഓഫീസുകളിലായി പ്രവർത്തനം ആരംഭിക്കാൻ ഒരുങ്ങിക്കഴിഞ്ഞു.ഇൻഫോപാർക്ക് ഫെയ്സ് ടുവിൽ 2017ൽ നിർമിച്ച ജ്യോതിർമയ എന്ന പത്തുനില ഐ.ടി സമുച്ചയത്തിൽ നിലവിൽ 48 കമ്പനികളിലായി 1900 ഐ.ടി ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. അത്യാധുനിക രീതിയിലെ ഓഫീസുകൾ, കോൺഫറൻസ് റൂമുകൾ, ഓഡിറ്റോറിയം, ബാങ്ക്, എ.ടി.എം, ഫുഡ് കോർട്ട്, മൾട്ടി ലെവൽ കാർ പാർക്കിങ്ങ്, ഇ.വി ചാർജ്ജിങ്ങ് സ്റ്റേഷൻ, ഹെലി പാഡ് തുടങ്ങിയ സൗകര്യങ്ങളോടു കൂടിയാണ് ജ്യോതിർമയ സമുച്ചയം നിർമിച്ചിരിക്കുന്നത്. ഐ.ടി മേഖലയുടെ വളർച്ച നമ്മുടെ നാടിന്റെ വികസന പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണെന്നും അതിൽ മർമ്മപ്രധാനമായ പങ്ക് വഹിക്കാൻ ഇൻഫോപാർക്കിനാകുന്നത് അഭിമാനാർഹമാണെന്നും ഇൻഫോപാർക്ക് സി.ഇ.ഒ സുശാന്ത് കുറുന്തിൽ പറഞ്ഞു. തൊഴിലവസരങ്ങൾ വർധിപ്പിക്കാനും ഐ.ടി കയറ്റുമതി കൂട്ടാനും അന്താരാഷ്ട്രതലത്തിൽ ശ്രദ്ധയാകർഷിക്കുന്ന തരത്തിൽ കമ്പനികൾക്ക് വളരാനുമുള്ള സാഹചര്യമൊരുക്കാൻ ലക്ഷ്യമിട്ടാണ് ഇൻഫോപാർക്കിന്റെ പ്രവർത്തനം. അതിന് അനുയോജ്യമായ സൗകര്യങ്ങൾ ഒരുക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് പുതുതായി നിർമാണം പൂർത്തിയാക്കിയ ജ്യോതിർമയ സമുച്ചയത്തിലെ ആറാം നിലയും പ്രവർത്തനക്ഷമമാകുന്നത്. കൂടുതൽ കമ്പനികൾക്ക് ഇൻഫോപാർക്കിലേക്ക് കടന്നുവരാനും വിജയകരമായി പ്രവർത്തിക്കാനുമുള്ള സാഹചര്യമൊരുക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# പ്ലാറ്റിനം ലൗ ബാൻഡ്സ് ഗ്രാസിയ പങ്കാളിത്തം പ്രഖ്യാപിച്ചു

**കൊച്ചി:** വേനൽക്കാല വിവാഹ സീസൺ ആരംഭിച്ചതോടെ കമ്മിറ്റ് റ്റു ലൗ ആകുവാൻ എന്ത് ചെയ്യണം എന്ന പ്രചാരണ ആശയത്തെ വീണ്ടും സജീവമാക്കി  പ്ലാറ്റിനം ലൗ ബാൻഡ്സ് അതിന്റെ തന്ത്രപരമായ കണ്ടന്റ്, ഇൻഫ്ളുവൻസർ തന്ത്രത്തിന് പുതിയ തലം കൊണ്ടുവരുന്നു.  രാജ്യത്തെ പ്രമുഖ ലൈഫ് സ്റ്റൈൽ പബ്ലിഷറായ ഗ്രാസിയയുമായി ഒരു ഹോളിസ്റ്റിക് കണ്ടന്റ് പങ്കാളിത്തം വഴി നിർണ്ണായകമായ വിപണികളിൽ പ്രസക്തമായ ഇൻഫ്ളുവൻസർമാരിലൂടെ പ്രണയത്തെ സംബന്ധിച്ചുള്ള ബ്രാൻഡിന്റെ പുരോഗമനാത്മകമായ നിലപാട് പ്രചരിപ്പിക്കാനാണ്  പ്ലാറ്റിനം ലൗ ബാൻഡ്സ് ലക്ഷ്യമിടുന്നത്. ദക്ഷിണേന്ത്യയിലെ സെലിബ്രിറ്റി ജോഡികളായ തരിണി കലിംഗരായർ-കാളിദാസ് ജയറാം, റേബാ ജോൺ-ജോമോൻ ജോസഫ് എന്നിവരെ കഥാപാത്രങ്ങളാക്കി കൊണ്ടുള്ള രണ്ട് വീഡിയോ പരമ്പരകളാണ് ഈ പങ്കാളിത്തത്തിൽ ഉൾപ്പെടുന്നത്.സ്വന്തം പങ്കാളിയുടെ സ്വപ്നങ്ങൾക്കും അഭിലാഷങ്ങൾക്കും പരസ്പരം പിന്തുണയും  നൽകുന്ന ജോഡികൾ എന്ന നിലയിലാണ് ഇവരെ ചിത്രീകരിച്ചിരിക്കുന്നത്. ഏറ്റവും പുതിയ പ്ലാറ്റിനം ലൗ ബാൻഡ്സ് കലക്ഷൻ ഇന്ത്യയിലുടനീളമുള്ള 1500ൽ പരം പ്രമുഖ ജ്വല്ലറികളിൽ ലഭ്യമാണ്. ബ്രാൻഡിന്റെ മഹത്വം ഉയർത്തുന്നതിന് തന്ത്രപരമായ പങ്കാളിത്തവും ഇൻഫ്ളുവൻസർമാരും  ഇന്നത്തെ കാലത്ത് അനിവാര്യമാണെന്ന് പ്ലാറ്റിനം ഗിൽഡ് ഇന്റർനാഷണൽ (പി ജി ഐ) ഇന്ത്യയുടെ കൺസ്യൂമർ മാർക്കറ്റിങ്ങ് ഡയറക്ടറായ സുജല മാർട്ടിസ് പറഞ്ഞു.

# നാടൻ മത്സ്യവിത്ത് ഉൽപ്പാദനം: കുഫോസും അഡാക്കും ധാരണാപത്രം ഒപ്പുവെച്ചു

**കുഫോസ്  വികസിപ്പിക്കുന്ന നാടൻ മത്സ്യങ്ങളുടെ പ്രജനന സാങ്കേതിക വിദ്യ അഡാക്കിന് കൈമാറും കുറവ പരൽ ഉൾപ്പടെ മൂന്ന് തനത് നാടൻ മത്സ്യങ്ങളുടെ പ്രജനന സാങ്കേതികവിദ്യയാണ് കുഫോസ് വികസിപ്പിച്ചത്**



കൊച്ചി:  കേരളത്തിലെ തനത് ശുദ്ധജല മത്സ്യങ്ങളുടെ വിത്ത് ഉൽപ്പാദനത്തിലും കൃഷി വ്യാപനത്തിലും കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാലയും ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള ഏജൻസി ഫോർ അക്വാകൾച്ചറും (അഡാക്ക്) സഹകരിച്ച് പ്രവർത്തിക്കും. ഇത് സംബന്ധിച്ച ധാരണാപത്രം കുഫോസിൽ നടന്ന ചടങ്ങിൽ വൈസ് ചാൻസലർ ഡോ.റോസലിന്റ് ജോർജ്ജിന്റെ സാന്നിധ്യത്തിൽ  അഡാക്ക് മാനേജിങ്ങ് ഡയറക്ടർ ബി. ഇഗ്നേഷ്യസ് മൺറോയും കുഫോസ് രജിസ്ട്രാർ ഡോ.ദിനേശ് കൈപ്പിള്ളിയും തമ്മിൽ ഒപ്പുവെച്ചു. ധാരണാപത്രം അനുസരിച്ച്  കുഫോസ്  വികസിപ്പിക്കുന്ന നാടൻ മത്സ്യങ്ങളുടെ പ്രജനന സാങ്കേതിക വിദ്യ അഡാക്കിന് കൈമാറുമെന്ന് വൈസ് ചാൻസലർ ഡോ.റോസലിന്റ് ജോർജ് പറഞ്ഞു.  വാണിജ്യപ്രാധാന്യമുള്ള  കുറവ പരൽ ഉൾപ്പടെ മൂന്ന് തനത് നാടൻ മത്സ്യങ്ങളുടെ പ്രജനന സാങ്കേതികവിദ്യയാണ് കുഫോസ് ഇതിനകം വികസിപ്പിച്ചത്. മറ്റ് ചില നാടൻ മത്സ്യങ്ങളുടെ പ്രജനന സാങ്കേതിക വിദ്യാ വികസനം അവസാന ഘട്ടത്തിലാണ്.  ഇവയുടെ മാതൃമത്സ്യങ്ങളെ ഹാച്ചറിയിൽ സംരക്ഷിച്ച്, വിത്ത് ഉത്പാദിച്ച് കർഷകർക്ക് വിതരണം ചെയ്യുന്ന ചുമതല അഡാക്കിന് ആയിരിക്കും. കുഫോസ് ഗവേഷണ വിഭാഗം മേധാവി ഡോ.ദേവിക പിള്ള, വിജ്ഞാന വിഭാഗം ഡയറക്ടർ ഡോ.ഡെയ്സി കാപ്പൻ, അഡാക്ക് ഡെപ്യൂട്ടി ഡയറക്ടർ സി.മുജീബ്, ഫാം ടെക്നീഷ്യൻ കെ.എം.ജയൻ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

